**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി IV**

**(SUBJECT COMMITTEE IV)**

**വ്യവസായവും ധാതുക്കളും**

**(INDUSTRY AND MINERALS)**

**ആനുകാലിക റിപ്പോർട്ട്**

(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2023 TO 31ST MARCH 2024)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

(Presented on 8th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2024

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IV**
**(SUBJECT COMMITTEE IV)**

**വ്യവസായവും ധാതുക്കളും**
**(INDUSTRY AND MINERALS)**

**ആനുകാലിക റിപ്പോർട്ട്**
(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ)
**(PERIODICAL REPORT FROM 1ST APRIL 2023 TO 31ST MARCH 2024)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 45 |

**സബ്ജക്ട് കമ്മിറ്റി IV**

വ്യവസായവും ധാതുക്കളും
(2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>

ശ്രീ. പി. രാജീവ്,
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u>

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ. ബാബു (നെന്മാറ)
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. വി. ശശി
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി.
ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി.
ശ്രീ. അനിൽകുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി.
ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

01.4.2023 മുതൽ 31.3.2024 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2021 ജൂൺ 7-ാം തീയതിയിലെ 26-ാം ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV (2021-2023) 2023 ഡിസംബർ 6 വരെ തുടരുകയുണ്ടായി. 2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം പതിനഞ്ചാം കേരള നിയമസഭയുടെ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV (2023-2026) 2023 ഡിസംബർ 7-ാം തീയതി നിലവിൽ വന്നു. കമ്മിറ്റികളുടെ ഘടനയിൽ മാറ്റം വന്നിട്ടില്ല. കമ്മിറ്റി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. 06.06.2023, 12.09.2023, 18.01.2024, 28.02.2024, 06.03.2024, 11.03.2024 എന്നീ തീയതികളിലാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന എന്നിവയ്ക്കായാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 56% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |
| അദ്ധ്യായം V | - | സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | a) 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**പി. രാജീവ്,**

തിരുവനന്തപുരം,
2024 ജൂലൈ 8

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IV.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2022-23 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 12.09.2023-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2023 സെപ്തംബർ 13-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 12.09.2023-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2023 സെപ്തംബർ 13-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല

## അദ്ധ്യായം III

## സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ/ എസ്.ആർ.ഒ. കൾ

1. കിൻഫ്ര കേരള ഇൻഡസ്ട്രീസ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ചട്ടങ്ങൾ, 2023 06.06.2023-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.
2. കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ, 2022 (എസ്. ആർ. ഒ. നം. 785/2022 തീയതി 08.08.2022) 06.06.2023-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.
3. 2015-ലെ Kerala Minerals (Prevention of Illegal Mining, Storage and Transportation) (ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നം.455/2023 തീയതി 31.03.2023) 18.01.2024-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.
4. 2023-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നം. 456/2023 തീയതി 31.03.2023) 18.01.2024-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.
5. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടം, 2023 (എസ്. ആർ. ഒ. നം. 807/2023 തീയതി 22.07.2023) 18.01.2024-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

**നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ**

ഇല്ല

## അദ്ധ്യായം V

**നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXXVII – വ്യവസായങ്ങൾ | 2016-17<br>2021-22 | വ്യവസായ വാണിജ്യ വകുപ്പ് | 09.08.2023 |
| | 2018-19 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC Ltd) | |
| | 2019-20<br>2020-21<br>2022-23 | കേരള റബ്ബർ ലിമിറ്റഡ് കമ്പനി | |
| | 2021-22 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് | |
| | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ (ബി. പി. ഇ) വകുപ്പ് | |
| | 2022-23 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | |
| | 2022-23 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) | |
| | “ | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | |
| | “ | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | |

| | | | |
|---|---|---|---|
| XXXVII – വ്യവസായങ്ങൾ | 2022-23 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 09.08.2023 |
| | " | ദി കേരള സിറാമിക്സ് ലിമിറ്റഡ് | |
| | " | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | |
| | " | കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC) | |
| | " | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | |
| | " | കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്) | |
| | " | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം | |
| | 2012-13 | കാപ്പക്സ് | 30.01.2024 |
| | 2017-18 | കാഡ്കോ | |
| | 2019-20<br>2020-21<br>2021-22 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC Ltd) | |
| | 2020-21 | കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ് (കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ) | |
| | 2021-22 | കേരള റബ്ബർ ലിമിറ്റഡ് കമ്പനി | |
| | 2022-23 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | |
| | " | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | |
| | " | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | |
| | " | കെ സി സി പി ലിമിറ്റഡ് | |
| | " | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | |

| | | | |
|---|---|---|---|
| XXXVII – വ്യവസായങ്ങൾ | 2022-23 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്കോർപ്പറേഷൻ (കിൻഫ്ര) | 30.01.2024 |
| | " | കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം) | |
| | " | കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി) | |
| | " | കേരള കരകൗശല വികസന കോർപ്പറേഷൻ | |
| | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | |
| | " | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | |

## അദ്ധ്യായം-VI

**a) 2023-24 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ . | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ . | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 55 | 1, 16, 17, 18, 19, 24, 25, 26, 27, 34, 38, 44, 47, 48 | 2–15, 20-23, 28-33, 35-37, 39-43, 45, 46, 49-55 | 41 |

**b) സമിതി പരിഗണിച്ച് അംഗീകരിച്ച മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.**

**2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ)

ശിപാർശ

2851-00-101-96-വ്യവസായ എസ്റ്റേറ്റുകൾ ശക്തിപ്പെടുത്തൽ

വാർഷിക നവീകരണ ചെലവുകൾ, സ്റ്റേറ്റ് ഓഫ് ദി ആർട്ട്പ്ലാന്റ് & മെഷീനറി എന്നിവയ്ക്കുള്ള ചെലവുകൾ ഉൾപ്പെടെ നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനും , നവീകരണത്തിനും വാർഷിക മെയിന്റനൻസിനുമായി 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണത്തിനായി 55 ലക്ഷം രൂപ അനുവദിച്ചിരുന്നു. ബഡ്ജറ്റിൽ വകയിരുത്തുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 45 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. 2851-00-101-96 എന്ന ശീർഷകത്തിൽ SDG പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടറിൽ നിന്നും സർക്കാരിലേയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി എടുത്തിട്ടില്ല.

(റഫറൻസ് നമ്പർ 146/F1/2018/IND തീയതി 10.02.2023)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

4851-00-101-87 - പി.പി.പി രീതിയിലുള്ള ഇൻഡസ്ട്രിയൽ പാർക്ക്/ഏരിയ/എസ്റ്റേറ്റ് എന്നിവയുടെ വികസനം

സ്വകാര്യ നിക്ഷേപകരെ ആകർഷിച്ചുകൊണ്ട് വ്യവസായ പാർക്ക്/പ്ലോട്ട്/എസ്റ്റേറ്റ് എന്നിവയുടെ വികസനത്തിനായി പി.പി.പി മോഡലിൽ പശ്ചാത്തല സൗകര്യം ഒരുക്കുവാനായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

2018-19-ൽ കൂടുതൽ പ്രൊപ്പോസലുകൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കാനുള്ളതിനാൽ 300 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ 200 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു . 100 ലക്ഷം രൂപ കൂടി പദ്ധതിയിൽ അധികമായി 4851-00-101-87 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറിൽ നിന്നും SDG പ്രൊപ്പോസൽ ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി എടുത്തിട്ടില്ല.

(റഫറൻസ് നമ്പർ 146/F1/2018/IND തീയതി 10.02.2023)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

**<u>2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>**

**(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ)**

<u>ശിപാർശ</u>

4885-01-200-95 - <u>കെ. എസ്. ഐ. ഡി. സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം</u>

ലൈഫ് സയൻസ് പാർക്കിൽ ബയോ ടെക്നോളജി, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ് മെഡിക്കൽ ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ് എന്നീ മേഖലകളിലെ വ്യാവസായിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പദ്ധതി എന്ന് സമിതി വിലയിരുത്തുന്നു. ലൈഫ് സയൻസ് പാർക്കിലെ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, ഉൾപാതകൾ എന്നിവ ഒരുക്കുന്നതിനും ഗവേഷണ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി സ്മാൾ ലബോറട്ടറി അനിമൽ ഫെസിലിറ്റി സ്ഥാപിക്കുന്നതിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ 14.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

ലൈഫ് സയൻസ് പാർക്കിൽ ഗവേഷണ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്മാൾ ലബോറട്ടറി അനിമൽ ഫെസിലിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് തിരുവനന്തപുരം (IISER -TVM) മായി സഹകരിച്ച് അവരുടെ നിലവിലുള്ള സ്മാൾ ലബോറട്ടറി അനിമൽ ഫെസിലിറ്റി ഇതിലേക്ക് വേണ്ടി ഉപയോഗിക്കാൻ ധാരണയായി. ഇതുമായി ബന്ധപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിങ് (MoU) 2020 ജൂൺ 9-ന കെ. എസ്. ഐ. ഡി. സി-യും

IISER-TVM-ഉം തമ്മിൽ ഒപ്പിട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് സയൻസ് പാർക്കിൽ പ്രത്യേക സൗകര്യം തൽക്കാലം നിർമ്മിക്കേണ്ട ആവശ്യമില്ല.

(റഫറൻസ് നമ്പർ ജെ3/92/2020-വ്യവ തീയതി 19.01.2021)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കൊച്ചിയിലെ ഇൻഫോ പാർക്കിലെ കെ.എസ്. ഐ. ഡി. സി.-യുടെ ഭൂമിയിൽ 50000 ചതുരശ്ര അടിയിൽ ഒരു ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ഓഫീസ് കോംപ്ലക്സും നിർമിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ 14 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

കെ.എസ്.ഐ.ഡി.സി സ്ഥാപിക്കാനുദ്ദേശിക്കുന്ന ബിസിനസ്സ് ഇൻക്യൂബേഷൻ കം ഓഫീസ് കോംപ്ലെക്സിന്റെ എസ്റ്റിമേറ്റ് പി . എം. സി വഴി തയ്യാറാക്കിയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് പ്രകാരം 53289 ചതുരശ്ര അടി വിസ്തീർണമുള്ള ഫേസ് 1 ബിൽഡിങ്ങിന് 22.74 കോടി രൂപ ചെലവ് വരുന്നതാണ്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന് കെ .എസ്.ഐ.ഡി.സി-യുടെ ബോർഡിന്റെ അംഗീകാരം കിട്ടിയതിനു ശേഷം ടെൻഡർ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. അതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക ഈ ഘട്ടത്തിൽ ആവശ്യമില്ല.

(റഫറൻസ് നമ്പർ ജെ3/92/2020-വ്യവ തീയതി 19.01.2021)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

**2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

**(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ)**

ശിപാർശ

853-02-102-99-34 - ധാതു അന്വേഷണങ്ങൾ - മറ്റ് ചെലവുകൾ

സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്തെ പ്രധാന ധാതുനിക്ഷേപങ്ങളുടെ പര്യവേക്ഷണം നടത്തുന്നതിനും ഖനിജപര്യവേഷണത്തിനും രാസപരിശോധനശാലയുടെയും മിനറോളജി & ജെം ടെസ്റ്റിങ് ലാബിന്റെയും പ്രവർത്തനങ്ങൾക്കും നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു . ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ഭരണപരമായ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ 2020-21-ൽ തുക അനുവദിച്ചിട്ടില്ല .

2022-23 സാമ്പത്തിക വർഷം മൈനിംഗ് & ജിയോളജി വകുപ്പിന് രാസപദാർത്ഥങ്ങളും ഗ്ലാസ് വെയറുകളും വാങ്ങുന്നതിന് 2853-02-102-99-34 ശീർഷകത്തിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ/എ 1/129/2020/വ്യവ തീയതി 25.05.2022)

(കാലതാമസ പത്രിക 06.12.2022 ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

4851-00-104-99 - കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം

കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളായ സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ, കെൽപാം എന്നിവ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം എന്ന പദ്ധതിയ്ക്കായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ IND-K3/84/2020-IND തീയതി 01.03.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കെ.എസ്.ഐ.ഡി.സി-യുടെ കീഴിലുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിൽ 61000 ചതുരശ്രയടിയുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിന്റെയും കാന്റീൻ കം ബാങ്കിംഗ് കെട്ടിടത്തിന്റെയും നിർമ്മാണ പുരോഗതിയ്ക്കായും പ്രസ്തുത പാർക്കിന്റെ ചുറ്റുമതിൽ പണിയുന്നതിനും ജലവിതരണ

സംവിധാനത്തിനുമായി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നതിനാലും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

കെ.എസ്.ഐ.ഡി.സി-യുടെ കീഴിലുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിൽ 61000 ചതുരശ്രയടിയുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിന്റെയും കാന്റീൻ കം ബാങ്കിങ് കെട്ടിടത്തിന്റെയും നിർമ്മാണ പുരോഗതിയ്ക്കായും പ്രസ്തുത പാർക്കിന്റെ ചുറ്റുമതിൽ പണിയുന്നതിനും ജലവിതരണ സംവിധാനത്തിനുമായി 2020-21 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ രണ്ടു പദ്ധതികളുടെയും പൂർത്തീകരണത്തിനായി അധിക തുക ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.5 കോടി രൂപ വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുകയുണ്ടായി . തുടർന്ന് സമിതിയുടെ ശിപാർശയിന്മേൽ , പദ്ധതികളുടെ എസ്റ്റിമേറ്റ് തുക പരിഗണിച്ച് 17.08.2020-ൽ ചേർന്ന ഉപധനാഭ്യർത്ഥനയിൽ പദ്ധതികൾക്കായി 18.92 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. എന്നാൽ കോവിഡിനെ തുടർന്നുള്ള ലോക്ഡൗൺ കാരണം പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി തടസ്സപ്പെട്ടു . ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ 10.11 കോടി രൂപയാണ് പ്രസ്തുത പദ്ധതികൾക്കായി ചെലവിടാൻ സാധിച്ചത്. നിലവിൽ SDF- ൽ വ്യവസായ യൂണിറ്റുകൾക്ക് സ്പേസ് അനുവദിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-ജെ3/84/2020-വ്യവ തീയതി 0.7.10.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6851-00-190-88 - കേരള സ്റ്റേറ്റ് പാൽമീരാ വർക്കേഴ്സ് സൊസൈറ്റിക്ക് വായ്പ

കരുപ്പട്ടി ഉൽപ്പാദനത്തിനായുള്ള ആധുനിക ഉൽപ്പാദന യൂണിറ്റിന്റെ നിർമ്മാണത്തിനും അന്താരാഷ്ട്ര നിലവാരമുള്ള ന്യൂട്രി ഫുഡ് പ്രോഡക്ടുകളുടെ ഉൽപ്പാദനത്തിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് പാൽമീരാ വർക്കേഴ്സ് സൊസൈറ്റിയ്ക്ക് വായ്പ എന്ന പദ്ധതിയ്ക്കായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ

അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷം തുക നൽകുവാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരിക്കുന്ന 50 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ (2022-23) ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(റഫറൻസ് നമ്പർ IND-K3/84/2020-IND തീയതി 01.03.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

**2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നം.11955/സബ്.സി,ബി2/2021/നി.സെ )

ശിപാർശ

2851-00-103-43 - അംശദാന മിതവ്യയ ഫണ്ട്

കൈത്തറി തൊഴിലാളികളുടെ അംശദാന സമ്പാദ്യ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം , കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത ശീർഷകത്തിൽ 2021-22 -ലെ അപേക്ഷകളുംകൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ അംശദാനമിതവ്യയ ഫണ്ട് ഇനത്തിൽ 2851-00-103-43(പി) എന്ന ശീർഷകത്തിൽ 1 കോടി രൂപ അനുവദിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

പിന്നീട്, 05/03/2022 തീയതിയിലെ സ .ഉ(സാധാ)നം.1565/2022/ധന പ്രകാരം അംശദാനമിതവ്യയ ഫണ്ടിലേക്ക് 2851-00-103-43 ശീർഷകത്തിൽ 150 ലക്ഷം രൂപ ഈ ഇനത്തിലെ കുടിശ്ശിക തീർക്കുന്നതിനായി റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചു.

ഇപ്രകാരം 2021-22 വർഷത്തിൽ പ്രസ്തുത സ്കീമിനായി ആകെ അനുവദിച്ച 250 ലക്ഷം രൂപയിൽ 249.92 ലക്ഷം രൂപ ചെലവഴിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-സി2/196/2021-വ്യവ തീയതി 06.01.2023)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-103-38 - നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായ പദ്ധതിയിൽ പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക് / നൂൽ ചുറ്റുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടി വേതനം നൽകുന്നുണ്ടെന്നും സ്കൂൾ യൂണിഫോം പാദ്ധതിയും മറ്റ് പുതിയ പദ്ധതികളും കാരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണത്തിലും ഉൽപ്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഇപ്രകാരം പ്രസ്തുത പദ്ധതിയിൽ കൂടുതൽ ചെലവ് വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

അംഗീകൃത മാർഗ്ഗനിർദ്ദേശ പ്രകാരം ശാസ്ത്രീയമായ മൂല്യ നിർണ്ണയം നടത്തിയതും വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധ ജോലിക്കാർക്കും പ്രോത്സാഹനം നൽകി ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് . 2021-22 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4 കോടി രൂപ വകയിരുത്തിയിരുന്നു. കൂടാതെ, 09/02/2022 തീയതിയിലെ സ.ഉ(സാധാ) നം.888/2022/ധന പ്രകാരം അധികധനാനുമതി വഴി 2 കോടി രൂപ ഈ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. അപ്രകാരം പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം ആകെ 6 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക മുഴുവനും ടി പദ്ധതിയ്ക്കായി ചെലവഴിക്കുകയുമുണ്ടായി.

2022-23 സാമ്പത്തിക വർഷത്തിൽ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതിക്കായി 2851-00-103-38 ശീർഷകത്തിൽ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-സി2/196/2021-വ്യവ തീയതി 06.01.2023)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-103-25 - യുവ നെയ്ത്തു പദ്ധതി

പതിനെട്ടിനും നാൽപ്പതിനുമിടയ്ക്ക് പ്രായമുള്ള യുവതിയുവാക്കളെ നെയ്ത്ത് പരിശീലിപ്പിച്ച് നെയ്ത്തുകാരാക്കി മാറ്റി ഒരു ഉപജീവനമാർഗ്ഗം നൽകുന്ന യുവ നെയ്ത്തു പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

യുവ വീവ് പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 2851-00-130-25(പി) എന്ന ശീർഷകത്തിൽ 25,00,000/-രൂപ വകയിരുത്തിയിരുന്നു. പിന്നീട് 2851-00-103-25 (യുവവീവ് പദ്ധതി ) ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം വഴി 26/03/2022-ലെ സ .ഉ(സാധാ)നം.282/2022/വ്യവ പ്രകാരം 20 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. അപ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ യുവവീവ് പദ്ധതിയ്ക്കായി ;ലഭ്യമായ 45 ലക്ഷം രൂപ മുഴുവൻ ചെലവഴിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-സി2/196/2021-വ്യവ തീയതി 06.01.2023)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-104-86 - കരകൗശല വ്യവസായങ്ങൾ - പൊതുപ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

4851-00-104-99 - കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം

കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളായ സുരഭി കാഡ്കോ, എച്ച്. ഡി. സി. കെ, കെൽപാം എന്നിവ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4 & 26)

സ്വീകരിച്ച നടപടി

കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം എന്ന പദ്ധതിയ്ക്കായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ  അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ IND-K3/274/2021-IND തീയതി 01.03.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

2851-00-105-99-31- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - ഭരണപരമായ ചെലവുകൾ - സഹായധനം - ശമ്പളം

ജീവനക്കാരുടെ ശമ്പള പരിഷ്കരണവും, പെൻഷൻ പരിഷ്കരണവും മൂലമുണ്ടായ അധികച്ചെലവ്, കുടിശ്ശികയുള്ള ശമ്പളം / പെൻഷൻ /വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുമ്പോൾ  ബോർഡിന് മേൽ ശീർഷകത്തിൽ അനുവദിച്ച തുക കുറവാണെന്നും കൂടാതെ മുൻ വർഷങ്ങളിൽ ഈ ഇനത്തിലെ തുക കുറവായതിനാൽ ശമ്പള പരിഷ്കരണ ശിപാർശ പ്രകാരം വകയിരുത്താൻ ബാക്കിയുള്ള തുകയായ 4871.59 ലക്ഷം രൂപയും ബോർഡ്, 1991 മുതൽ വകമാറ്റി ചെലവഴിച്ച 7089.19 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 11960.78 ലക്ഷം രൂപ ബോർഡിന് അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ,   മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 119.6078 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ഭരണപരമായ ചെലവുകൾ - സഹായധനം - നോൺ പ്ലാൻ ശമ്പളം എന്നതിലേയ്ക്കായി 119.6078 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-96-33 - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് -   ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് - സബ്സിഡികൾ

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ഖാദി ബോർഡിന്റെ ചില്ലറ വില്പനയ്ക്കുള്ള റിബേറ്റിനും എല്ലാ വർഷവും ഉത്സവകാലങ്ങളിൽ വിവിധ സ്പെല്ലുകളിലായി 10% അധിക റിബേറ്റ്

നൽകുന്നതിനുമായി അനുവദിച്ച തുക കുറവാണെന്ന് വിലയിരുത്തുന്ന സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

റിബേറ്റിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 21 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-95-10 - കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ട പ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യമായ തുക സർക്കാർ ഗ്രാന്റായി അംശദായം നൽകണമെന്നതിനാലും സർക്കാർ വിഹിതം എല്ലാവർഷവും കൃത്യമായി ലഭിക്കാത്തതിനാൽ ഈ ഇനത്തിലുള്ള കുടിശ്ശിക തുക 8.7457928 കോടി രൂപയാണെന്നും ക്ഷേമനിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകുന്നതുൾപ്പെടെയുള്ള പ്രധാന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചട്ട പ്രകാരമുള്ള സർക്കാർ വിഹിതം കുടിശ്ശികയായ 8.7457928 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8.7457928 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2851-00-105-87- ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലെ നിലവിലുള്ള വിൽപ്പനശാലകളുടെ നവീകരണത്തിനും ആധുനീകരണത്തിനുമായും ബോർഡിന്റെ പ്രോജക്റ്റുകൾക്ക് കീഴിലുള്ള മേജർ വിൽപ്പനശാലകളിൽ കസ്റ്റമേഴ്സിനായി ട്രയൽ റൂം, റെഡിമെയിഡ് സ്റ്റിച്ചിംഗ് റൂം എന്നിവ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെയും സംഭരണ ശാലകളുടെയും ആധുനികവൽക്കരണം എന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.6 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2851-00-105-85 - <u>പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി</u>

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയ്ക്ക് (PMEGP) അനുസൃതമായി ഗ്രാമീണ മേഖലയിൽ 650 പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം (മാർജിൻ മണി / സബ്സിഡി) നൽകുവാനും ഈ മേഖലയിൽ 1950 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഇ.ഡി.പി പരിശീലനം നൽകുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്റ്റ് ചെലവിന്റെ പരമാവധി 40 ശതമാനം തുക വരെ സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും കൂടാതെ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദി ഗ്രാമവ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ

മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

പ്രത്യേക തൊഴിൽദാന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2851-00-105-72 - <u>വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും, ശക്തിപ്പെടുത്താലും</u>

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങളായ പുതിയ റെഡിമെയ്ഡ് യൂണിറ്റ് സ്ഥാപിക്കൽ, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകളുടെ നവീകരണം, HMP യൂണിറ്റുകളുടെ നവീകരണം, സോപ്പ്, ടി , ഓയിൽ നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം , ഉൽപ്പന്ന വികസനം , ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗ് & മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.35 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-71 - വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസ്ഥ നൽകുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും ഈ പദ്ധതി ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾക്കായി വർക്ക് ഷെഡ് നിർമ്മിക്കുക, യൂണിറ്റുകളുടെ ഇലക്ട്രിഫിക്കേഷൻ, തൊഴിലാളികൾക്ക് വൃത്തിയുള്ള ടോയ്‌ലെറ്റ്, കുടിവെള്ളം, യൂണിറ്റുകളുടെ അറ്റകുറ്റപ്പണി, സ്പെയർ പാർട്ട്സ് വാങ്ങൽ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)
(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-69 - സംസ്ഥാനത്ത് ഖാദിഗ്രാമങ്ങൾ സ്ഥാപിക്കൽ

ഖാദി നൂൽ നൂൽപ്പ്-നെയ്ത്ത് മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഈ പദ്ധതിയിൽ തൊഴിലാളികൾക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൈപുണ്യ വികസനവും നൽകൽ, പ്രാരംഭ ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ചർക്കകളുടെയും തറികളുടെയും നവീകരണം എന്നിവ ലക്ഷ്യമിടുന്നതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.17 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.17 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-66(02) - ഖാദി ഗ്രാമവ്യവസായ വികസനം -വാർത്താ വിതരണവും പരിശീലനവും

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ - ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, ഉദ്യോഗസ്ഥർക്കും ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലാളികൾക്കുമുള്ള പരിശീലനം തുടങ്ങിയ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-66(03) - ഖാദി ഗ്രാമവ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവൽക്കരിക്കൽ

ഖാദി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള

കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ആവശ്യമായ ലാപ്‌ടോപ്പുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മാർക്കറ്റിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കൽ, സെക്യൂരിറ്റി ഓഡിറ്റ്, നെറ്റ് വർക്കിംഗ് മെയിന്റനൻസ്, വെബ് ഹോസ്റ്റിംഗ്, ബാർ കോഡിംഗ് പ്രിന്റിംഗ് ആൻഡ് സ്കാനിംഗ് മെഷീൻ, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കൽ (ആദ്യ ഘട്ടം ) തുടങ്ങിയ ആവശ്യങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തുന്ന സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

2851-00-105-64 - ഖാദി സിൽക്ക് വീവിംഗ് പ്രോജക്ട്

ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിന് തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് ജില്ലകളിലെ 100 തറികളിൽ സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, പട്ടുൽപ്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവ ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും

വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2851-00-105-63 - ഗ്രാമോദയ ഖാദി ക്ലസ്റ്റർ പ്രോഗ്രാം

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നേരിട്ട് നടത്തുന്ന ഡിപ്പാർട്ട്മെന്റൽ ഖാദി ഉല്പാദന കേന്ദ്രങ്ങളെയും ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾ നടത്തുന്ന ഖാദി ഉല്പാദന കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനത്ത് ഖാദി പ്രവർത്തനം നടക്കുന്ന പഞ്ചായത്തുകളെ പ്രത്യേകം തിരഞ്ഞെടുത്ത് 100 മുതൽ 150 വരെ തൊഴിലാളികൾ അടങ്ങുന്ന പ്രത്യേക ക്ലസ്റ്റർ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ക്ലസ്റ്ററിൽ അംഗങ്ങളായ തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി തൊഴിലാളികൾക്ക് ആവശ്യമായ ട്രെയിനിംഗ്, ചർക്ക, തറി വിതരണം ചെയ്യൽ, അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക, തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ IND-K1/347/2021-IND തീയതി 17.02.2023)

(കാലതാമസ പത്രിക 15.03.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2852-08-600-90 - ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

സംസ്ഥാനത്തെ 64 താലൂക്കുകളിലും കശുമാവ് കർഷകരുടെ കൂട്ടായ്മകൾ ആരംഭിക്കുക, കെ.എസ്.എ.സി.സി -യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് നബാർഡ് (നാബ്കോൺ) മുഖേന റിപ്പോർട്ട് തയ്യാറാക്കുക, സംസ്ഥാനത്തിന്റെ

വിവിധ പ്രദേശങ്ങളിലുള്ള നഴ്സറികളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുള്ള ഐ.സി.എ.ആർ, പുത്തൂർ നഴ്സറിയിൽ നിന്നുമുള്ള കശുമാവ് തൈകളുടെ ട്രാൻസ്പോർട്ടേഷൻ , ലോഡിംഗ് & അൺലോഡിംഗ് ഓഫ് കാഷ്യു ഗ്രാഫ്റ്റ് എന്നിവയ്ക്കായുള്ള ചെലവുകൾക്കും കശുമാവ് കർഷകർക്കുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ, പബ്ലിസിറ്റി, മിഷൻ മാനേജ്മെന്റ്, ഡിജിറ്റൈസേഷൻ തുടങ്ങിയവയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2/142/2021/വ്യവ തീയതി 25.07.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

4860-60-190-94 - കെ.എസ്.സി.ഡി.സി -യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

2852-08-600-82 - കശുവണ്ടി വികസന കോർപ്പറേഷൻ ബ്രാൻഡ് പ്രൊമോഷൻ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വസിഷൻ ആൻഡ് അക്വസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായമായ വില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷൻ അടയ്ക്കാനുള്ള 2014-15 വർഷങ്ങളിലെ ഇ.പി.എഫ് തൊഴിലുടമ വിഹിതത്തിന്റെ കുടിശ്ശികയായ 3.77 കോടി രൂപയും പ്രവർത്തന മൂലധന സഹായത്തിനായി 100 കോടി രൂപയും KGST/CST 2005 വരെയുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി 15.89 കോടി രൂപയും ഉൾപ്പെടെ ആകെ 181.71 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 181.71 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 181.71 കോടി രൂപ അധികമായി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2/142/2021/വ്യവ തീയതി 25.07.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

4885-01-200-95 - <u>കെ.എസ്.ഐ.ഡി.സി മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം</u>

മേൽ ശീർഷകത്തിൻ കീഴിൽ ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന ഇനത്തിൽ 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിൽ 61000 ചതുരശ്ര അടിയിലുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിങ്ങിന്റെയും 9000 ചതുരശ്ര അടിയിലുള്ള കാന്റീൻ കം ബാങ്കിംഗ് കെട്ടിടത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനും പ്രസ്തുത പാർക്കിൽ ചുറ്റുമതിൽ പണിയുന്നതിനും ജലവിതരണ സംവിധാനത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ ഇനത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയിന്മേൽ, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും കൂടാതെ പാർക്കിലേയ്ക്ക് പവർ ലൈൻ വലിക്കുന്നതിനുമായി അധികമായി 6.20 കോടി രൂപ ധനപുനഃവിനിയോഗം വഴി അനുവദിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി നിർദ്ദേശം സമർപ്പിക്കുകയും തുടർന്ന് ധനപുനഃവിനിയോഗാഭ്യർത്ഥന പരിശോധിച്ച് സർക്കാർ തീരുമാനം ആകുന്നതുവരെയുള്ള കാലയളവിൽ 2.48 കോടി രൂപ പദ്ധതിയ്ക്ക് കെ.എസ്.ഐ.ഡി.സി തന്നെ അധികമായി അനുവദിച്ചു നൽകി . എന്നാൽ ഇത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി സമർപ്പിച്ച ധനപുനഃവിനിയോഗാഭ്യർത്ഥന അന്നത്തെ സാമ്പത്തിക സാഹചര്യം പരിഗണിച്ച് അനുവദിക്കുകയുണ്ടായില്ല . ആയതിനാൽ പദ്ധതികൾക്കായി അധികമായി ഉപയോഗിച്ച 2.48 കോടി രൂപ റെഗുലറൈസ് ചെയ്യുവാൻ കെ.എസ്.ഐ.ഡി.സി സമർപ്പിച്ച അപേക്ഷ സർക്കാർ പരിഗണനയിലാണ്.

(റഫറൻസ് നമ്പർ വ്യവ-ജെ3/146/2023-വ്യവ തീയതി 08.10.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

4885-01-200-95 ശീർഷകത്തിൽ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ, കണ്ണൂർ എന്ന ഇനത്തിന് ബജറ്റിൽ 5 കോടി രൂപയാണ് വകയിരുത്തിരിയിരിക്കുന്നത്. കെ. എസ്. ഐ.ഡി.സി-ക്ക് 19% ഓഹരി പങ്കളിത്തത്തോടെ കണ്ണൂർ നാച്വറൽ റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കണ്ണൂരിലെ റബ്ബർ യൂണിറ്റുനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയുടെ പ്രാരംഭ പ്രവർത്തന ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു . ആയതിനാൽ, ഈ ഇനത്തിന് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5044 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

കണ്ണൂർ നാച്വറൽ റബ്ബർ പ്രോഡക്ടസ് ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനം നിർത്തുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചതിനാൽ, ഈ ഇനത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധിക തുക ചെലവാക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

(റഫറൻസ് നമ്പർ വ്യവ-ജെ3/146/2023-വ്യവ തീയതി 08.10.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6860-60-190-78 - കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

കെ.എസ്.സി.ഡി.സി, കാപ്പെക്സ് എന്നിവയ്ക്കായി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതിക്കും ഇറക്കുമതി ആവശ്യത്തിലേക്കായി കേരള ബാങ്കിലേക്കും സർക്കാരിൽ നിന്നും ലഭിച്ച വായ്പയുടെ തിരിച്ചടവിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2/142/2021/വ്യവ തീയതി 25.07.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കൈത്തറി തൊഴിലാളികളുടെയും കുടുംബത്തിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാര സംരക്ഷണത്തിനും ആഴ്ചയിൽ രണ്ട് ദിവസം നല്ല പോഷകാഹാരം ലഭ്യമാക്കുന്നതിനും മാസത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിനുള്ള കുടുംബക്ഷേമ പദ്ധതിക്കായി 2020-21 വർഷത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ 2851-00-103-22 എന്ന ശീർഷകം അനുവദിച്ച് ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നുവെന്നും എന്നാൽ 2021-22 ബഡ്ജറ്റിൽ ഈ ശീർഷകം ഉൾപ്പെടുത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതി നടപ്പാക്കേണ്ടത് അനിവാര്യമായതിനാൽ മേൽ ശീർഷകം പുനഃസ്ഥാപിച്ച് അതിൽ ഉപധനാഭ്യർത്ഥനവഴി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

കൈത്തറി കുടുംബക്ഷേമ പദ്ധതിയ്ക്കായി ജില്ലകളിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. ആയതിനാലാണ് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകം ഉൾപ്പെടുത്താതിരുന്നത്.

ഈ ഇനത്തിൽ അപേക്ഷകളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ഈ ശീർഷകം ആവശ്യമുള്ളതായി കാണുന്നില്ല.

(റഫറൻസ് നമ്പർ വ്യവ-സി2/196/2021-വ്യവ തീയതി 06.01.2023)

(കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകേണ്ടത് അനിവാര്യമായതിനാൽ നോൺ പ്ലാൻ ഇനത്തിൽ ഒരു പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിച്ച് അതിൽ 40.36 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് നോൺ-പ്ലാൻ ഇനത്തിൽ ഒരു പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിച്ച് അതിൽ 40.36 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും 20.00 കോടി രൂപയാണ് കശുവണ്ടി വികസന കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയത്. പ്രസ്തുത തുക വിനിയോഗിച്ച് 2016 മുതൽ 2021 വരെയുള്ള വർഷങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തു.

(റഫറൻസ് നമ്പർ കെ2/142/2021/വ്യവ തീയതി 25.07.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

4851-00-195-99- കാപ്പെക്സ്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ 5 കോടി രൂപയും 2852-08-600-81-ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നതായും എന്നാൽ 2016 മുതൽ 2020 വരെ കാപ്പെക്സ്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനും വിവിധ കോടതികളിലും അർദ്ധ ജുഡീഷ്യൽ ഫോറങ്ങളിലും ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനും നോൺ പ്ലാൻ ഇനത്തിൽ ഒരു പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

കാപ്പക്സിന് "ഗ്രാറ്റുവിറ്റി വിതരണത്തിനുള്ള സഹായം " എന്ന പുതിയ ശീർഷകത്തിൽ 9.57 കോടി രൂപ 2021-22 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്

(റഫറൻസ് നമ്പർ കെ2/142/2021/വ്യവ തീയതി 25.07.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

## 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം.11441/സബ്.സി,ബി2/2022/നി.സെ )

ശിപാർശ

2851-00-001-93 – കപ്പാസിറ്റി ബിൽഡിംഗ് /ഊർജ്ജിതവ്യവസായവൽക്കരണ പരിപാടി

2022-23 വർഷം സംരംഭക വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായുള്ള വിവിധ പരിപാടികൾക്കും കപ്പാസിറ്റി ബിൽഡിംഗ്/ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി പദ്ധതിയിലെ പൊതുവായ പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2851-00-001-93 എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 520 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുക

അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴി ടി ശീർഷകത്തിൽ ആവശ്യമായ തുക അനുവദിക്കണം എന്നുള്ള പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ G.O(Rt) NO.4388/2022/Fin Dated 15.06.2022 സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ശീർഷകത്തിൽ അധികമായി 26.36 കോടി രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ IND-B2/256/2022-IND തീയതി 26.11.2022)

ശിപാർശ

2851-00-102-25 (01) –നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്-അതിസൂക്ഷ്മ വ്യവസായ യൂണിറ്റുകൾക്ക്മാർജിൻമണി സഹായം.

2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന പാദം നടപ്പിലാക്കി തുടങ്ങിയ നാനോ സംരംഭങ്ങൾക്ക് മാർജിൻമണി ഗ്രാന്റ് നൽകുന്ന പദ്ധതിയ്ക്ക് സംരംഭകർക്കിടയിൽ വലിയ സ്വീകാര്യതയുള്ളതിനാലും അപേക്ഷകളുടെ ബാഹുല്യം കാരണവും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് എന്ന പദ്ധതിയ്ക്കായി 2.25 കോടി രൂപ വകയിരുത്തുകയും ടി തുക ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തു. ജില്ലകളിൽ ലഭ്യമായ അപേക്ഷകളുടെ എണ്ണം പരിഗണിച്ചപ്പോൾ ടി തുക അപര്യാപ്തമാണെന്ന് കണ്ട പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ G.O(Rt) NO.5705/2022/Fin Dated 10.08.2022 ഉത്തരവ് പ്രകാരം ഈ പദ്ധതിക്ക് 2851-00-102-84-01-33 എന്ന കണക്ക് ശീർഷകത്തിൽ നിന്ന് 14 കോടി രൂപ റീ അപ്രോപ്രിയേഷൻ വഴി അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ IND-B2/256/2022-IND തീയതി 26.11.2022)

ശിപാർശ

2851-00-103-43 -അംശദാന മിതവ്യയ ഫണ്ട്

കൈത്തറി തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ വിവാഹം , കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത ശീർഷകത്തിൽ 2022-23-ലെ അപേക്ഷകളും കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

അംശദാന മിതവ്യയ ഫണ്ട് പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷം 2851-00-103-43(P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിച്ചിരുന്ന 1 കോടി രൂപ എല്ലാ ജില്ലകൾക്കും പദ്ധതിയ്ക്കായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിക്ക് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ-സി1/241/2022/വ്യവ തീയതി 25.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2851-00-103-38 – <u>നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി</u>

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ / നൂൽ ചുറ്റുന്നവർക്ക് നൽകി വരുന്ന പ്രോത്സാഹന ധന സഹായ പദ്ധതിയായ പ്രൊഡക്ഷൻ ഇൻസെന്റീവ് 2018 - 19 മുതലുള്ള കുടിശ്ശിക നല്കാനുണ്ടെന്നും കൂടാതെ 16 കോടിയിൽ പ്പരം രൂപയ്ക്കുള്ള പ്രോത്സാഹന ധനസഹായ അപേക്ഷകൾ പരിഗണിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം തന്നെ കുടിശ്ശിക നൽകുന്നതിനും അപേക്ഷകൾ തീർപ്പാക്കുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം അനുവദിച്ച 4 കോടി രൂപയിൽ 3.99 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിക്ക് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ-സി1/241/2022/വ്യവ തീയതി 25.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2851-00-105-99-31 – <u>കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായചെലവുകൾ സഹായധനം -ശമ്പളം</u>

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നത് മേൽ ശീർഷകത്തിൽ നിന്നാണ്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഈ ആനുകൂല്യങ്ങൾ കൂടി നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ

ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ81.69 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ പൂർണ്ണ വിനിയോഗത്തിന് ശേഷം അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(റഫറൻസ് നമ്പർ IND-K1/266/2022-IND തീയതി19.11.2022)

ശിപാർശ

2851-00-105-96-33 - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് സബ്സിഡികൾ.

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6 )

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ പൂർണ്ണ വിനിയോഗത്തിന് ശേഷം അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്

(റഫറൻസ് നമ്പർ IND-K1/266/2022-IND തീയതി19.11.2022)

ശിപാർശ

2851-00-105-95-10 –കേരള ഖാദി തൊഴിലാളി ക്ഷേമനിധി- സംഭാവന

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായം നൽകണമെന്നതിനാലും,നിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുള്ളതിനാലും മേൽ ശീർ ഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 11.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് അധിക

ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(റഫറൻസ് നമ്പർ IND-K1/266/2022-IND തീയതി 19.11.2022)

ശിപാർശ

2851-00-106-54 -ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം.

2022-23 സാമ്പത്തിക വർഷത്തിൽ 31500 ടൺ കയർ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതിനാലും കയർ വിലയുടെ 10% വിപണന പ്രചോദനമായി സംഘങ്ങൾക്ക് നൽകേണ്ടതുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്ന സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

സ.ഉ.(സാധാ)നം.6117/2022/ധന തീയതി 30.08.2022 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപയും, സ.ഉ.(സാധാ)നം.2583/2023/ധന തീയതി 27.03.2023 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3.5 കോടി രൂപയും ഉൾപ്പെടെ ആകെ 6.5 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

(റഫറൻസ് നമ്പർ ഇ 2/148/2022-വ്യവ തീയതി11.07.2023)

ശിപാർശ

2851-00-106-35 - കയർമേഖലയ്ക്കുള്ള അപ്പക്സ് ബോഡി

കയർ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമിട്ട് രൂപീകരിച്ച ഉന്നതാധികാരസമിതിയായ കയർ അപ്പക്സ് ബോഡിയുടെ ഓഫീസിന്റെ പ്രവർത്തന ചെലവിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

സ.ഉ.(സാധാ)നം.6117/2022/ധന തീയതി 30.08.2022 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം രൂപയും, സ.ഉ.(സാധാ)നം.2198/2023/ധന തീയതി 21.03.2023 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

(റഫറൻസ് നമ്പർ ഇ 2/148/2022-വ്യവ തീയതി11.07.2023)

ശിപാർശ

2851-00-106-26 - കയർ ഉല്പാദിപ്പിക്കുന്ന സംഘങ്ങളുടെ പുന:സംഘടനയും മാനേജീരിയൽ സബ്സിഡിയും.

കയർ രണ്ടാം പുന :സംഘടന പദ്ധതിയുടെ ഭാഗമായി കയർ സഹകരണ സംഘങ്ങളുടെ സെക്രട്ടറിമാർക്ക് നൽകിവരുന്ന വേതനത്തിന്റെ ഒരു ഭാഗം സർക്കാർ ഗ്രാന്റായി നൽകിവരുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ധനപുന:വിനിയോഗം മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2851-00-106-26-ശീർഷകം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയോ തുക വകയിരുത്തുകയോ ചെയ്യാത്തതിനാൽ, അപേക്ഷ പരിഗണിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ ഇ 2/148/2022-വ്യവ തീയതി11.07.2023)

ശിപാർശ

2852-08-600-90 – ജൈവ കശുവണ്ടി കൃഷിയ്ക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിൽ കശുമാവ് കർഷക സമിതി രൂപീകരിക്കുന്നതിനും കശുവണ്ടി സംഭരണം ആരംഭിക്കുന്നതിനും വേണ്ടി ഓരോ സംഭരണ കേന്ദ്രത്തിനും 25000/-രൂപ ഗ്രാന്റായി നൽകുവാൻ ആകെ 35 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ കെ2/150/2022-വ്യവ തീയതി 21.08.2023)

ശിപാർശ

2852-08-600-82 – കശുവണ്ടി വികസന കോർപ്പറേഷൻ -ബ്രാൻഡ്പ്രൊമോഷൻ

4860-60-190-94 – കെ.എസ്.സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടിഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ &അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷന്റെ 2014-15 വർഷങ്ങളിലെ

കുടിശ്ശികയായ ഇ.പി.എഫ് തൊഴിലുടമ വിഹിതം അടക്കാൻ 3.77 കോടി രൂപയും പ്രവർത്തന മൂലധന സഹായത്തിന് 50 കോടി രൂപയും തോട്ടണ്ടി സംഭരണത്തിനായി 50 കോടി രൂപയും 2005 വരെയുള്ള KGST/CST കുടിശ്ശിക തീർപ്പാക്കുന്നതിനായി 65 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുവാൻ 6 കോടി രൂപയും ഉൾപ്പെടെ ആകെ 236.82 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 236.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ കെ2/150/2022-വ്യവ തീയതി 21.08.2023)

ശിപാർശ

2852-08-600-81 – ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണവും

4851-00-195-99 – കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപയും നാടൻ തോട്ടണ്ടി സംഭരണത്തിനായി 10 കോടി രൂപയും 2021-22 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 6 കോടി രൂപയും വില്പന നികുതി ആംനെസ്റ്റി സ്കീമിനായി 3 കോടി രൂപയും പ്രവർത്തന മൂലധനമായി 7 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ കെ2/150/2022-വ്യവ തീയതി 21.08.2023)

ശിപാർശ

2852-80-102-97 - പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ്ബോർഡ്

പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾ രൂപപ്പെടുത്തി സർക്കാരിലേയ്ക്ക്

സമർപ്പിക്കുന്നതിനും, പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കൊച്ചിയിൽ ആരംഭിച്ച് റിയാബിന്റെ മേൽനോട്ടത്തിൽ സെക്ടറൽ എക്സ്പെർട്ടുകളെ നിയമിക്കുന്നതിനും , മികച്ച പൊതുമേഖലാ സ്ഥാപനത്തിനും മാധ്യമ റിപ്പോർട്ടിങ്ങിനുമുള്ള അവാർഡുകൾ നൽകുന്നതിനും, ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 3.60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

4851-00-190-99 -<u>കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ</u>

കേരള കൈത്തറി വികസന കോർപ്പറേഷൻ ആധുനികവൽക്കരണത്തിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ആദ്യ രണ്ടു വർഷത്തെ അത്യാവശ്യമായ പദ്ധതികളായ കമ്പ്യൂട്ടറൈസേഷൻ, ഷോറൂം നവീകരണം മുതലായവയ്ക്കായി 3.5 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

കോർപ്പറേഷന്റെ ആധുനികവൽക്കരണത്തിന് വേണ്ടിയുള്ള മാസ്റ്റർപ്ലാൻ പ്രകാരം, കമ്പ്യൂട്ടറൈസേഷൻ മറ്റു പലവിധ പദ്ധതികൾ എന്നിവയ്ക്ക് വേണ്ടി, 2022-23 കാലയളവിലേയ്ക്ക് ആദ്യ ഗഡുവായി 1.75 കോടി രൂപയിൽ നിന്നും 50 ലക്ഷം രൂപ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-സി1/241/2022/വ്യവ തീയതി 25.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

4885-01-190-95–<u>കെൽട്രോൺ കമ്പോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം</u>

കപ്പാസിറ്റർ ഉല്പാദനശേഷി വർദ്ധിപ്പിക്കലും നവീകരണവും,സൂപ്പർ കപ്പാസിറ്റർ

ഉല്പാദനകേന്ദ്രം സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്ക് അനുവദിച്ചിരുന്ന 15 കോടി രൂപയിൽ, 2020-21-ൽ 10.22 കോടി രൂപ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് ലഭിക്കാനുള്ള ബാക്കി തുകയായ 4.78 കോടി രൂപയും, മാസ്റ്റർപ്ലാനിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം നടപ്പിലാക്കുന്നതിനായി 1.50 കോടി രൂപയും ഉൾപ്പെടെ ആകെ 6.28 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20 )

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചിലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/117/2022-വ്യവ തീയതി12.06.2023)

ശിപാർശ

4885-01-200-95 – കെ.എസ്.ഐ.ഡി.സി മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

മെഡിക്കൽ ഡിവൈസസ് പാർക്ക്,തിരുവനന്തപുരം

തിരുവനന്തപുരം മെഡിക്കൽ ഡിവൈസസ് പാർക്കിൽ പ്രോട്ടോടൈപ്പ് & ഇൻ കുബേഷൻ സെന്റർ, ആനിമൽ ഹൗസ് പദ്ധതി എന്നിവയ്ക്ക് 30 കോടി രൂപയും നോളജ് റിസോഴ്സ് സെന്ററിന്റെ നിർമ്മാണത്തിന് 10 കോടി രൂപയും മറ്റു നിർമ്മാണ പ്രവൃത്തികൾക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 45 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ പ്രോട്ടോടൈപ്പ് & ഇൻകുബേഷൻ സെന്റർ, ആനിമൽ ഹൗസ് എന്നീ പദ്ധതികളുടെ പ്രധാന നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണവും നോളേജ് റിസോഴ്സ് സെന്ററിന്റെ സ്ട്രക്ച്ചറൽ വർക്കുകളുടെ 75% പൂർത്തീകരണവും പ്രതീക്ഷിച്ചിരുന്നു. ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം 8.94 കോടി രൂപയാണ് ചെലവായിട്ടുള്ളത്. ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം (BDS) കരാറുകാർ തിരഞ്ഞെടുക്കാത്തതിനാൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ പദ്ധതിക്ക് സാധിച്ചിട്ടില്ല. ആയതിനാൽ ടി സാമ്പത്തിക വർഷത്തിൽ അധിക തുക വകയിരുത്തേണ്ടി വന്നിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ-ജെ3/166/20222-വ്യവ തീയതി 29.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ,കുറ്റ്യാടി

കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിലെ റോഡ്, മതിൽ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണം തുടങ്ങിയവയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15.07 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ കുറ്റ്യാടി കോക്കനട്ട് പാർക്കിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജല സൗകര്യം എന്നിവ വികസിപ്പിക്കുന്നതിനുമായി 250 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വെള്ളത്തിന്റെയും വൈദ്യുതിയുടെയും വികസന പ്രവർത്തനങ്ങൾ ഡെപ്പോസിറ്റ് വർക്ക് മുഖേന ചെയ്യാനാണ് തീരുമാനിച്ചിരുന്നത്. പ്രസ്തുത പ്രവർത്തികളുടെ ഫണ്ട് മുൻകൂറായി നിക്ഷേപിക്കേണ്ടതുണ്ട് . എന്നാൽ വകയിരുത്തിയിട്ടുള്ള 250 ലക്ഷം രൂപ ഇതിന് അപര്യാപ്തമായിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിക്കുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണം മൂലം മേൽ പറഞ്ഞ അധിക തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ വ്യവ-ജെ3/166/20222-വ്യവ തീയതി 29.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്,പാലക്കാട്

പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കിലെ എസ് .ഡി.എഫ്-2 കെട്ടിടത്തിന്റെ അവസാന ജോലികളുടെ ബിൽ നൽകുന്നതിനും ചുറ്റുമതിൽ , ജലവിതരണം എന്നിവയുടെ പൂർത്തീകരണത്തിനും പാർക്കിലേക്ക് HT വൈദ്യുതലൈൻ വലിക്കുന്നതിലേക്കുമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിലെ SDF-2 കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം 01.07.2019-ലും ചുറ്റുമതിൽ, ജലവിതരണ സംവിധാനം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 01.07.2021-ലുമാണ് ആരംഭിച്ചത്. 2019-20 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള

പദ്ധതി തുക വിനിയോഗിച്ചിരുന്നത്. കോവിഡിനെ തുടർന്നുള്ള ലോക്ഡൗണും തന്മൂലമുണ്ടായ അതിഥി തൊഴിലാളികളുടെ തിരിച്ചുപോക്കും പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. SDF-രണ്ടിന്റെ നിർമ്മാണം 15.11.2021-ലും, ചുറ്റുമതിൽ, ജലവിതരണം തുടങ്ങിയവ 03.06.2022-ലും പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2022-23 ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ വകയിരുത്തണമെന്ന ജൂൺ 2022-ൽ സമിതി ശിപാർശ ചെയ്തിരുന്നു. 2020-21 കാലഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച വ്യവസായ ഭദ്രത പദ്ധതി മുഖേന പാർക്കിൽ കൂടുതൽ ഭൂമി വ്യവസായികൾക്ക് അനുവദിക്കുകയും, പാട്ടത്തുകയായി കൂടുതൽ തുക ലഭിക്കുകയും ചെയ്തു. ആയതിനാൽ പ്രസ്തുത പദ്ധതികൾ കൂടുതൽ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനായി അവസാന ജോലികളുടെ ബില്ലുകൾ ഇങ്ങനെ ലഭിച്ച ഫണ്ടിൽ നിന്നും നൽകുകയാണുണ്ടായത്. കൂടാതെ പാർക്കിലെ HT വൈദ്യുത ലൈൻ വലിക്കുന്നതിനുള്ള പദ്ധതി KSEB മുഖേന ഡെപ്പോസിറ്റ് വർക്കായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. സമയബന്ധിതമായി ഈ വർക്ക് ആരംഭിക്കുന്നതിനു, ഇതിന്റെ വർക്ക് ഡെപ്പോസിറ്റ് തുകയും പാർക്കിന്റെ ഇന്റേണൽ ഫണ്ടിൽ നിന്നുമാണ് നൽകിയത്. സമിതി ശിപാർശ ചെയ്ത 1.5 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണങ്ങൾ മൂലം അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ വ്യവ-ജെ3/166/20222-വ്യവ തീയതി 29.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

4885-60-800-96 - പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തന മൂലധനം ലഭ്യമാകുന്നതുവരെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ പ്രവർത്തന മൂലധനമായി 20 കോടി രൂപയും കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മില്ലുകൾക്ക് കോട്ടൺ ബാങ്കിനുള്ള കോർപ്പസ് ഫണ്ടായി 70 കോടി രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 90 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

6851-00-190-86 - <u>കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ</u>

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ വൈവിധ്യവൽക്ക - രണത്തിലൂടെ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന മുളയധിഷ്ഠിത ഓഫീസ് ഉൽപ്പാദനത്തിനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27 )

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ പൂർണ്ണ വിനിയോഗത്തിന് ശേഷം അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്

(റഫറൻസ് നമ്പർ IND-K1/266/2022-IND തീയതി 19.11.2022)

ശിപാർശ

6853-01-190-99 – <u>കേരള സംസ്ഥാന മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷനുള്ളവായ്പകൾ (കെ. എം. ഡി. എൽ)</u>

റിസർവോയർ കപ്പാസിറ്റി കൂട്ടുന്നതിന്റെ ഭാഗമായി ഡാമുകൾ ഡിസിൽട്ട് ചെയ്ത് ഡിസിൽറ്റേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് മണൽ, കളിമണ്ണ് എന്നിവ വേർതിരിച്ചെടുത്ത് വില്പന നടത്തുന്ന, 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ കെംഡലിന് സമിതി ശിപാർശ

ചെയ്തിരുന്ന പ്രകാരം ഡാം ഡിസിൽട്ടേഷൻ പദ്ധതിയ്ക്കായി അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6853-60-190-97–ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, ഉല്പാദന ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും മലിനജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 28.32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6854-01-190-99–മലബാർ സിമന്റ്സ് വാളയാർ വായ്പകൾ

മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് 0.3 ദശലക്ഷം ടൺ ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 58.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി ആരംഭിക്കാൻ

സാധിക്കാത്തതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6858-01-190-98 –ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ തിരുവല്ല യൂണിറ്റിലെ CCV-Drycure line പദ്ധതി പൂർത്തീകരിക്കുന്നതിനും പിണറായിയിലെ ഹൗസ് വയറിംഗ് കേബിളുകളുടെ ശേഷി വിപുലീകരിക്കുന്നതിനും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6858-02-190-94 –മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഉത്പന്ന ശ്രേണി വിപുലമാക്കൽ, കൽക്കരിക്കു പകരമായി ഗ്യാസ് ഇന്ധനമാക്കൽ , കമ്പനിയിൽ ഇ.ആർ.പി. നടപ്പാക്കൽ, എനർജി ഹബ്ബ് സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഓപ്പൺ ഡൈ ഫോർജിംഗ്സ് ഫെസിലിറ്റി പദ്ധതിക്ക് 242 ലക്ഷം രൂപയും റീജിയണൽ ഷോറൂമുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 50 ലക്ഷം രൂപയും ഭരണാനുമതി

നൽകുകയും പദ്ധതിക്കായി 125 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 50 ലക്ഷം രൂപയും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി കഴിഞ്ഞ സാമ്പത്തികവർഷം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ കമ്പനി നൽകിയിരുന്നില്ല. അതിനാൽ കമ്പനിക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/126/2022-വ്യവ തീയതി 29.07.2023)

ശിപാർശ

6858-03-190-99 –കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്റ്റ്

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-കാർഗോ, ഇ-ഓട്ടോയുടെ വിവിധ വകഭേദങ്ങൾ തുടങ്ങിയവയുടെ രൂപകല്പന , നിർമ്മാണം എന്നിവയ്ക്കും, കണ്ണൂരിൽ ഇ -ഓട്ടോ ഫാക്ടറി തുടങ്ങുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തില് 6.50 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചിലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/117/2022-വ്യവ തീയതി12.06.2023)

ശിപാർശ

6858-04-190-89 –ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിന് 30 കോടി രൂപയും റെയിൽവേയിൽ നിന്നും ലഭിച്ച കാസ്റ്റ്ബ് ബോഗിയുടെ ഓർഡർ സമയബന്ധിതമായി പൂർത്തിയാക്കുവാന് 11.50 കോടി രൂപയും ഉൾപ്പെടെ ആകെ 41.50 കോടി രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 41.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം ആട്ടോകാസ്റ്റിന് സമഗ്ര വികസനവും പുനരുദ്ധാരണവും പദ്ധതിക്കായി 750 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 250

ലക്ഷം രൂപ അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തന മൂലധനമായി 215 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായി പൂർത്തീയാക്കുവാൻ കമ്പനിക്ക് സാധിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/126/2022-വ്യവ തീയതി 29.07.2023)

ശിപാർശ

6858-04-190-84 – സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ

സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികളുടെ പൂർത്തീ കരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡിന് 2022-23 സാമ്പത്തിക വർഷം നവീകരണം, ഭൗതിക സാഹചര്യങ്ങളുടെ നിലവാരം ഉയർത്തുക എന്നീ പദ്ധതികൾക്കായി ഫണ്ട് റിലീസ് 550 ലക്ഷം രൂപ ആയി നിജപ്പെടുത്തിക്കൊണ്ട് 1782 ലക്ഷം രൂപയ്ക്ക് ഭരണാനുമതി പുതുക്കി നൽകുകയും 250 ലക്ഷം രൂപ പദ്ധതിക്കായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായി കമ്പനി സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/126/2022-വ്യവ തീയതി 29.07.2023)

ശിപാർശ

6859-02-190-99 –കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ 2020-21, 2021-22 വർഷങ്ങളിൽ ആരംഭിച്ച നവീകരണ വിപുലീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനും 2022-23-ൽ പുതുതായി ആരംഭിക്കുവാൻ പോകുന്ന പവർ ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഇൻറലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം എന്നീ മേഖലകളിലെ വൈവിധ്യവൽക്കരണ നിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 9.69 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചിലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/117/2022-വ്യവ തീയതി12.06.2023)

ശിപാർശ

6859-02-190-94 –കെൽട്രോൺ ഇലക്ട്രോ സെറാമിക് യൂണിറ്റ്

കമ്പനിയുടെ പീസോ കോംപോസിറ്റ് ട്രാൻസ്ഡ്യൂസേഴ്സ് , റബ്ബർ മോൾഡ് പ്രോഡക്ട്സ് തുടങ്ങിയ ഹ്രസ്വകാല പദ്ധതികളുടെ പൂർത്തീകരണത്തിനായി മൂലധനമായി നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചിലവഴിച്ചിട്ടില്ലാത്തതിനാൽ അധികതുക അനുവദിയ്ക്കുവാനുള്ള ശിപാർശ കമ്പനി ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചുകൊള്ളുന്നു.

(റഫറൻസ് നമ്പർ ഡി3/117/2022-വ്യവ തീയതി12.06.2023)

ശിപാർശ

6860-01-190-99-തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

2019-20-ൽ ആരംഭിച്ച മില്ലിലെ മെഷിനറികളുടെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനായി മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസിന് പ്രവർത്തന മൂലധനമായി 50 ലക്ഷം രൂപ 29.08.2022-ലെ സ .ഉ( സാധാ) നം.945/2022/വ്യവ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക

വർഷത്തിൽ റെസ്യൂം ചെയ്ത 215.58 ലക്ഷം രൂപ 29.10.2022-ലെ സ.ഉ(സാധാ)നം.1148/2022/വ്യവ പ്രകാരം തിരികെ നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-സി1/241/2022/വ്യവ തീയതി 25.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6860-01-190-97 –സീതാറാം ടെക്സ്റ്റൈൽസിനുള്ള വായ്പകൾ

മില്ലിന്റെ ആധുനികവത്കരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിനായി 2022-23 വർഷത്തിൽ 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിനാൽ 50 ലക്ഷം രൂപ പ്രവർത്തന മൂലധനമായി 29.08.2022-ലെ GO(Rt)No.945/2022/ID പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. 07.07.2022-ലെ GO(Rt)No.650/2022/ID പ്രകാരം 89 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. 09.02.2023-ലെ സ.ഉ(സാധാ)നം.110/2023/വ്യവ പ്രകാരം നവീകരണ പ്രവർത്തനങ്ങൾക്കായി 43 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിക്ക് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ-സി1/241/2022/വ്യവ തീയതി 25.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6860-01-190-95–കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

കോർപ്പറേഷനു കീഴിലുള്ള പ്രഭു റാം മിൽസ് , കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, എടരിക്കോട് ടെക്സ്റ്റെയിൽസ്, ഉദുമ ടെക്സ്റ്റെയിൽ മിൽസ്, ഹൈ-ടെക് വീവിംഗ് മിൽസ് എന്നിവയുടെ നവീകരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.53 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്റെ ബഡ്ജറ്റ് വിഹിതമായ 21.91 കോടി രൂപയിൽ നിന്നും 12.35 കോടി രൂപ കോർപ്പറേഷന്റെ കീഴിലുള്ള നവീകരണ പ്രവർത്തനങ്ങൾക്കായി റിലീസ് ചെയ്തു നൽകിയിട്ടുണ്ട് . സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ടി പദ്ധതിക്ക് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ-സി1/241/2022/വ്യവ തീയതി 25.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6860-60-190-94 - കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6860-60-190-79 – കേരള ക്ലെയ്സ് &സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

കെ സി സി പി ലിമിറ്റഡിന്റെ വൈവിദ്ധ്യവല്ക്കരണത്തിന്റെ ഭാഗമായി 2022-23 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ചെലവുകൾക്കും പ്രവർത്തന മൂലധനത്തിനുമായി മേൽ ശീർഷകത്തിൽ 18.90 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന

തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ എച്ച്1/162/2023/വ്യവ തീയതി 27.09.2023)

(കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

6860-60-190-78 –കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് , തോട്ടണ്ടി ഇറക്കുമതി എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന മൂലധനത്തിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാല് മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

കാഷ്യൂ ബോർഡിന്റെ അപേക്ഷയെ തുടർന്ന് അഡീഷണൽ ഓതറൈസേഷൻ മുഖേന 20 കോടി രൂപ 2022-23 സാമ്പത്തിക വർഷം കാഷ്യൂ ബോർഡിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ കെ2/150/2022-വ്യവ തീയതി 21.08.2023)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

ഇല്ല

പി. രാജീവ്

തിരുവനന്തപുരം, ചെയർപേഴ്സൺ,

2024 ജൂലൈ 2 സബ്ജക്ട് കമ്മിറ്റി IV.

## അനുബന്ധം

## പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IV

## (വ്യവസായവും ധാതുക്കളും)

## 2023 ജൂൺ 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2023 ജൂൺ 6-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക 12.00-ന് നിയമസഭാ സമുച്ചയത്തിലെ '610-ാം സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. വി. ശശി, , എം. എൽ. എ.
2. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ. (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
2) ശ്രീമതി ജയശ്രീ.എം., ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. ഒ. മോഹനൻ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2) ശ്രീ. എ.പി.എം.മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി II, വ്യവസായ വകുപ്പ്.
3) ശ്രീ. ഹരികിഷോർ. എസ്, ഡയറക്ടർ, വ്യവസായ വകുപ്പ്
4) ശ്രീമതി എം. എ. റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
5) ശ്രീ. ഷിബു ഐസക്, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
6) ശ്രീ. ബി. പ്രതാപചന്ദ്രൻ. ബി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7) ശ്രീ. ദേവിദാസ്. എൻ., ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്
8) ശ്രീമതി സിമി. സി. എസ് ., ജോയിന്റ് ഡയറക്ടർ , ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ്
9) ഡോ. രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് & കാപെക്സ്
10) ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
11 ശ്രീ. സജി ജോസഫ്, മാനേജർ (ഫിനാൻസ്), കിൻഫ്ര
12 ശ്രീ. രാഹുൽ. ജി. എസ്., ഡെപ്യൂട്ടി മാനേജർ (പി & എ), കിൻഫ്ര

പ്രസ്തുത യോഗത്തിൽ സമിതി കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**I കരട് ചട്ടത്തിന്റെ പരിഗണന**

കിൻഫ്ര -കേരള ഇൻഡസ്ട്രീസ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഭേദഗതി ചട്ടങ്ങൾ

(ഫ.നം.4147/സബ്.സി.ബി2/2023/നി.സെ)

വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കരട് നോട്ടിഫിക്കേഷന്റെ ആദ്യത്തെ വരിയിൽ "sub section 1" എന്നത് sub section "(1)" എന്ന് മാറ്റം വരുത്തേണ്ടതാണെന്നും കൂടാതെ Rule 4-ൽ "(iii) The terms of office of ............ any reason therefore" എന്നതിൽ "terms" എന്ന വാക്കിനുപകരം "term" എന്നു ചേർക്കേണ്ടതാണെന്നുമുള്ള ഭേദഗതികൾ ഉൾപ്പെടുത്തി കരട് ചട്ടം സമിതി അംഗീകരിച്ചു

**II. എസ്.ആർ.ഒ -കൾ**

**കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ നം.785/2022 തീയതി 08.08.2022**

(ഫ.നം.912/സബ്.സി.ബി2/2022/നി.സെ)

വിജ്ഞാപനത്തിലെ 3-ാം ചട്ടത്തിൽ ഉപചട്ടം (1 എ) -യിൽ "മൊത്തം പദ്ധതി ചെലവിന്റെ (ഭൂമിയുടെ മൂല്യം ഒഴികെ ) 0.01 ശതമാനം ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്" എന്നു പറയുന്നിടത്ത് മൊത്തം 'പദ്ധതി ചെലവിൽ' എന്തൊക്കെയാണ് ഉൾപ്പെടുന്നത് എന്നതിൽ വ്യക്തത ഉണ്ടാകണമെന്നും, അതുപോലെ 3-ാം ചട്ടത്തിനുശേഷം ചേർക്കുന്ന "3 എ - ഇതര വ്യവസായ സ്ഥാപനങ്ങൾ സംയുക്ത അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ (1)-ൽ ആകെ പ്രോജക്ട് കോസ്റ്റിന്റെ 0.02 ശതമാനം ഫീസ് സാഹിതവും" എന്നു പറയുന്നിടത്ത് പ്രോജക്ട് കോസ്റ്റിൽ എന്തൊക്കെ ഉൾപ്പെടുത്തിയാണ് ഫീസ് നിർണ്ണയിക്കുന്നതെന്നും വ്യക്തമായി പ്രതിപാദിക്കണമെന്നും അല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ തർക്കമുണ്ടാകാൻ സാധ്യതയുണ്ടെന്നും കൂടാതെ 'പ്രോജക്ട് കോസ്റ്റ്' എന്താണെന്ന് ആക്ടിൽ ഡിഫൈൻ ചെയ്തിട്ടുള്ളതുപോലെ റൂളിലും ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഭേദഗതി വരുത്തിയ ശേഷം ചട്ടങ്ങൾ വീണ്ടും സമിതിയ്ക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചു .

**III. സമിതിക്കുള്ള കുറിപ്പുകൾ - പരിഗണന**

1) വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള സംസ്ഥാന ചെറുകിട റൈസ്, ഫ്ലവർ & ഓയിൽ മില്ലേഴ്സ് അസ്സോസിയേഷൻ സമർപ്പിച്ച നിവേദനം സംബന്ധിച്ച്

(ഫ.നം.17290/സബ്.സി.ബി2/2022/നി.സെ)

ഫ്ലവർ & ഓയിൽ മിൽ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ വിവിധ

വകുപ്പുകളുടെ സജീവ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ നിവേദനത്തിലെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

2) 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) നിയമം (2018- ലെ ഒന്നാം ആക്റ്റ്) - കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫ.നം.2291/സബ്.സി.ബി2/2018/നി.സെ)

വ്യവസായ വകുപ്പ് 09.03.2023 തീയതിയായി ലഭ്യമാക്കിയ വ്യവ-ജെ3/46/2023-വ്യവ നമ്പർ കത്ത് സാമിതി അംഗീകരിച്ചു.

## IV നടപടി സ്റ്റേറ്റ്മെന്റ് - പരിഗണന

1. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ.)

2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 2, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസ പത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ.)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 27-ാം നമ്പർ ഖണ്ഡികയിന്മേൽ വ്യവസായ (എ) വകുപ്പും 28,34 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 11955/സബ്.സി.ബി2/2021/നി.സെ.)

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 4-16, 21, 26, 30, 47, 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ),വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11441/സബ്.സി.ബി2/2022/നി.സെ.)

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1, 2 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ബി) വകുപ്പും 5-7, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**V. <u>2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രികകൾ.</u>**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (2018-19, 2020-21, 2021-22), ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് (2018-19, 2020-21, 2021-22), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് (2020-21, 2021-22), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (2021-22), മൈനിംഗ് & ജിയോളജി വകുപ്പ് (2019-2020, 2020-21), കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (2018-19, 2019-2020, 2020-21), കാഡ്കോ (2020-21), ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് (2020-21), കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘം (സുരഭി) (2018-19), വ്യവസായ വാണിജ്യ വകുപ്പ് (2018-19), സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (2020-21), ആട്ടോകാസ്റ്റ് ലിമിറ്റഡ് (2020-21), ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് (2019-20, 2020-21), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (2018-19, 2019-2020, 2020-21, 2021-22), കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (2021-22), എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.45-ന് പിരിഞ്ഞു.

**<u>പതിനഞ്ചാം കേരള നിയമസഭ</u>**

**<u>സബ്ജക്ട് കമ്മിറ്റി IV</u>**

**<u>വ്യവസായവും ധാതുക്കളും</u>**

**<u>2023 സെപ്തംബർ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2023 സെപ്തംബർ 12-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.45-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ <u>ബഹു.</u> നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ .ബാബു (നെന്മാറ), എം. എൽ. എ

2.ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ

3.ശ്രീ. വി. ശശി, എം. എൽ. എ

4.ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ. എം, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ. ഒ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. സുമൻ ബില്ല., പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം & നോർക്ക വകുപ്പ്
2. ശ്രീമതി എം. എ. റജീന ബീഗം., അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. സിജു ജേക്കബ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. ഗംഗാധരൻ ടി. ഒ., അഡീഷണൽ ഡയറക്ടർ, കയർ ഡെവലപ്മെന്റ് ഡയറക്ടറേറ്റ്
5. ശ്രീ. ഷിറിഷ്. കെ., സ്പെഷ്യൽ ഓഫീസർ കം ചെയർമാൻ, കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ
6. ശ്രീ. എ. അലക്സാണ്ടർ., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ്
7. ശ്രീ. പി. വി. ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്
8. ശ്രീമതി ലക്ഷ്മി നാരായണൻ. കെ., മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
9. ശ്രീ. സജിത് കുമാർ. എം., ജനറൽ മാനേജർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
10. ശ്രീ. എം. പ്രകാശൻ, ജനറൽ മാനേജർ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.
11. ശ്രീ. വരദരാജ്. പി., സീനിയർ മാനേജർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്
12. ശ്രീ. സന്തോഷ് എൻ., മാനേജർ (ഫിനാൻസ്) സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
13. ശ്രീ. രാജ ശങ്കരപിള്ള, ഫിനാൻസ് മാനേജർ & കമ്പനി സെക്രട്ടറി, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
14. ശ്രീ. പി. സതീഷ് കുമാർ, മെമ്പർ സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**I നടപടി സ്റ്റേറ്റ്മെന്റ്**

1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന സംബന്ധിച്ച്

(ഫ.നം.11441/സബ്.സി.ബി2/2022/നി.സെ)

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 20, 33, 34, 35, 36, 37, 38 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഡി) വകുപ്പും 8, 9, 10 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഇ) വകുപ്പും 12, 13, 14, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**II ആനുകാലിക റിപ്പോർട്ടിന്റെ കരട് – പരിഗണന**

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**III ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് – പരിഗണന**

സമിതി ഈ യോഗത്തിൽ അംഗീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ പ്രകാരമുള്ള 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ 2023 സെപ്തംബർ 13-ാം തീയതി സഭയിൽ സമർപ്പിക്കുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.55-ന് പിരിഞ്ഞു.

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**

**(വ്യവസായവും ധാതുക്കളും)**

**2024 ജനുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 ജനുവരി 18-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.00-ന് നിയമസഭാ സമുച്ചയത്തിലെ ' 5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ.
2. ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ. (ഓൺലൈൻ)
3. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം. എൽ. എ. (ഓൺലൈൻ)
4. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ. (ഓൺലൈൻ)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി

2) ശ്രീമതി ജയശ്രീ.എം., ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം & നോർക്ക വകുപ്പ്.

2) ശ്രീ. സൗരഭ് ജയിൻ, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

3) ഡോ. കെ. എ. രതീഷ്, സെക്രട്ടറി, കേരള ഖാദി ബോർഡ്

4) ശ്രീമതി എം. എ. റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

5) ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

6) ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.

7) ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

8) ശ്രീമതി ഹരിത. വി. കുമാർ, ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്

9) ശ്രീ. അനിൽ കുമാർ. കെ. എസ്., ഡയറക്ടർ, ഹാൻഡ് ലൂം ആൻഡ് ടെക്സ്റ്റൈൽസ്

10) ശ്രീ. കിഷോർ. എം. സി., ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്

11 ശ്രീ. ഇബ്രാഹിം കുഞ്ഞി. കെ., ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്

12 ശ്രീമതി ബീന. കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

13 ശ്രീ. ബൈജു കുമാർ. എസ്., അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്

പ്രസ്തുത യോഗത്തിൽ സമിതി കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**I. എസ്.ആർ.ഒ -കൾ**

(1)2015-ലെ Kerala Minerals (Prevention of Illegal Mining, storage and Transportation) (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ നം.455/2023)

(ഫ.നം.11897/സബ്.സി.ബി2/2023/നി.സെ)

(2)2023-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ നം.456/2023)

(ഫ.നം.11898/സബ്.സി.ബി2/2023/നി.സെ)

(3)കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടം 2023 (എസ്.ആർ.ഒ നം.807/2023)

(ഫ.നം.19453/സബ്.സി.ബി2/2022/നി.സെ)

എന്നീ എസ്. ആർ . ഒ -കൾ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

**II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ്**

**1. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് - 25.07.2018-ലെ യോഗം ആവശ്യപ്പെട്ട അധിക വിവരം - അനന്തര നടപടി സംബന്ധിച്ച്**

(ഫ.നം.3166/സബ്.സി.ബി2/2014/നി.സെ)

സിഡ്കോയ്ക്ക് 2010-ൽ മലബാർ സിമന്റ്സിൽ നിന്നും ലഭിച്ച 8 കോടി രൂപയിൽ നിന്നും 4 കോടി രൂപ Equity share ആയി മലബാർ സിമന്റ്സിനു മടക്കി നൽകിയിരുന്നതായും എന്നാൽ പ്രസ്തുത share certificate മലബാർ സിമന്റ്സിൽ കാണാനില്ലെന്നു 25.07.2018-ലെ യോഗത്തിൽ സിഡ്കോ MD-യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരം വ്യവസായ (എച്ച്) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മലബാർ സിമെന്റ്സിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നുവെന്നും ഷെയർ സർട്ടിഫിക്കറ്റ് മലബാർ സിമെന്റ്സിൽ കാണാതായതിന്റെ ഉത്തരവാദികൾ ആരാണെന്നു കണ്ടെത്താനായിട്ടില്ലെന്നും ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ലായെന്നും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ടി വിഷയം പരിശോധിച്ച ശേഷം സമയബന്ധിതമായി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത ഫയലിലെ മേൽനടപടികൾ ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

**2. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിനു കീഴിൽ വരുന്ന "2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്മേൽ" കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്**

(ഫ.നം.2827/സബ്.സി.ബി2/2018/നി.സെ)

നിയമസഭ പാസ്സാക്കിയ നിയമങ്ങളിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ചട്ടം രൂപീകരിക്കണം എന്ന ബഹു. സ്പീക്കറുടെ റൂളിംഗ് എല്ലാ വകുപ്പുകളെയും അറിയിച്ചിട്ടുള്ളതും ചട്ട രൂപീകരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടുള്ളതുമാണെന്നും എന്നാൽ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിനു കീഴിൽ വരുന്ന "2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്മേൽ" നാളിതുവരെ ചട്ടം ലഭ്യമാക്കിയിട്ടില്ലായെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. '2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടു'മായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ എത്രയും പെട്ടെന്ന് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഭൂജല വകുപ്പിന് നിർദ്ദേശം നല്കാൻ നിയമവകുപ്പിനോട് സമിതി ആവശ്യപ്പെട്ടു .

**III. സമിതി ആവശ്യപ്പെട്ട അധികവിവര റിപ്പോർട്ട്**

**'ഖാദി വ്യവസായ മേഖലയുടെ വികസനവും നവീകരണവും - സോളാർ പാനൽ സ്ഥാപിക്കുന്നതിലെ പുരോഗതി' എന്ന വിഷയം സംബന്ധിച്ച് 26.07.2017-ലെ സമിതിയോഗം ആരാഞ്ഞ വിശദമായ റിപ്പോർട്ട്**

(ഫ.നം.5129/സബ്.സി.ബി2/2017/നി.സെ)

ചർക്കകളിൽ സോളാർ പാനൽ ഫിറ്റ് ചെയ്ത് വർക്ക് ചെയ്യുന്ന ഒരു പ്രൊപ്പോസലായിരുന്നുയിതെന്നും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ സൗരോർജ്ജമുപയോഗിച്ചുള്ള വൈദ്യുതികൊണ്ട് ഉല്പാദിപ്പിക്കുന്ന നൂൽ (ഖാദി) 'ഹരിതഖാദി' എന്നാണ് അറിയപ്പെടുന്നതെന്നും എന്നാൽ ആധുനിക രീതിയിൽ വൈദ്യുതി ഉപയോഗിച്ച് നൂൽ ഉല്പാദിപ്പിച്ചാൽ അതിന് ഗവൺമെന്റിൽനിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കില്ലായെന്നും. ആയതുസംബന്ധിച്ച് ഖാദി ബോർഡ് വിശദമായി പഠനം നടത്തുകയും സോളാർ പാനൽ ഉപയോഗിക്കുന്നത് പ്രായോഗികമല്ലെന്ന് സമിതി കണ്ടെത്തുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള നടപടി നിർത്തിവയ്ക്കണമെന്ന് കേരള ഖാദി ബോർഡ് സെക്രട്ടറി സമിതിയോട് അപേക്ഷിച്ചു.

കൂടാതെ ഖാദിയുടെ നിർവ്വചനത്തിൽത്തന്നെ "Handspun/Handwoven" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും നിലവിലുള്ള ചർക്കകളുടെ നവീകരണവുമായി ബന്ധപ്പെട്ട ഗവേഷണം ഐ ഐ ടി, ചെന്നൈയിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും ജോലിയിലെ ആയാസം കുറയ്ക്കുക എന്നതാണ് പ്രസ്തുത ഗവേഷണം കൊണ്ട് ഉദ്ദേശിക്കുന്നതെന്നും. അങ്ങനെയുള്ള നവീകരണം മാത്രമേ ഇക്കാര്യത്തിൽ സാധ്യമാകുകയുള്ളൂ എന്നും ഖാദിയുടെ അടിസ്ഥാന നിർവ്വചനത്തിൽ നിന്നും മാറാൻ കഴിയില്ലായെന്നും കേരള ഖാദി ബോർഡ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിക്കുകയും, ഹൈഡ്രോളിക് സിസ്റ്റം ഉപയോഗിക്കാൻ കഴിയുമോ എന്നുള്ള ഐ ഐ ടി , ചെന്നൈയുടെ റിസേർച്ചിന്റെ അടിസ്ഥാനത്തിൽ പരമാവധി സാധ്യമാകുന്ന ആധുനികവത്കരണം നടപ്പിലാക്കണമെന്ന സമിതി നിർദ്ദേശിക്കുകയും ചെയ്തു.

**IV നടപടി സ്റ്റേറ്റ്മെന്റ് – പരിഗണന**

1. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

റിപ്പോർട്ടിലെ 28, 29 എന്നീ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ജെ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസ പത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 32-ലെ ശിപാർശയിന്മേൽ വ്യവസായ (ജെ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11955/സബ്.സി.ബി2/2021/നി.സെ.)

റിപ്പോർട്ടിലെ 1, 2, 3, 32, 33 & 48 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ജെ), വ്യവസായ (സി), എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11441/സബ്.സി.ബി2/2022/നി.സെ.)

റിപ്പോർട്ടിലെ 3, 4, 15, 18, 21, 22, 23, 25, 28- 31, 39-41, 43, 45 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (സി), വ്യവസായ (എച്ച്), വ്യവസായ (ജെ), എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

V. **2018-19, 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രികകൾ.**

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (2018-19, 2019-2020, 2020-21, 2021-22), കേരള റബ്ബർ ലിമിറ്റഡ് (2019-2020, 2020-21, 2021-22), കൈത്തറി - യന്ത്രത്തറി വ്യവസായങ്ങൾ (2020-21), വ്യവസായ വാണിജ്യ വകുപ്പ് (2021-22), സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (2022-23), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (2022-23), കെ.സി.സി.പി ലിമിറ്റഡ് (2022-23) , മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (2022-23) , കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (2022-23) എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കു ശേഷം 2.30-ന് യോഗം പിരിഞ്ഞു.

–

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**

**വ്യവസായവും ധാതുക്കളും**

**2024 ഫെബ്രുവരി 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ
4. ശ്രീ. വി. ശശി, എം. എൽ. എ
5. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം. എൽ. എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ. എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീമതി ഹരിത. വി. കുമാർ, ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്
4. ശ്രീമതി ഷീല തോമസ്, ചെയർപേഴ്സൺ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്
5. ശ്രീമതി ആനി ജൂല തോമസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, വ്യവസായ വകുപ്പ്
6. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
7. ശ്രീമതി ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. പി. ശ്രീകുമാർ, ഡയക്ടർ, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് (ബി. പി. ഇ) ഡിപ്പാർട്ട്മെന്റ്
9. ശ്രീ. എ. അലക്സാണ്ടർ, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ്
10. ശ്രീ. ജോർജ്ജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
11. ശ്രീ. സുനിൽ ജോൺ. കെ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
12. ശ്രീ. റ്റി. ജി. ഉല്ലാസ് കുമാർ, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്

13. ശ്രീ. അജിത് കുമാർ. കെ. ജി., മാനേജിംഗ്  ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
14. ശ്രീ. ഷാജി. എം. വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കെൽ (കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്) & ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
15. ശ്രീ. പി. സുരേഷ്, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
16. ശ്രീ. ലക്ഷ്മിനാരായൺ. കെ., മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
17. ശ്രീ. വി. കെ. പ്രവിരാജ്, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോകാസ്റ്റ് ലിമിറ്റഡ്
18. ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര ആൻഡ് സിഡ്കോ
19. ശ്രീ. സുകുമാർ അരുണാചലം, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്
20. ശ്രീ. ബെനഡിക്ട് വില്ല്യം ജോൺസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ
21. ശ്രീ. സതീഷ് കുമാർ. പി., മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ
22. ശ്രീ. ശിരിഷ്. കെ., സ്പെഷ്യൽ ഓഫീസർ കം  ചെയർമാൻ, കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ
23. ശ്രീ. പ്രസാദ് ബാലകൃഷ്ണൻ നായർ, സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്
24. ശ്രീ. സന്തോഷ് കുമാർ. പി., കൊമേഴ്സ്യൽ മാനേജർ, കാപെക്സ്
25. ശ്രീ. അനിൽകുമാർ. ബി., ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
26. ശ്രീ. അബ്ദുൾ റഷീദ്. എ., എസ്. ഡി. ഒ, കേരള ദിനേശ് ബീഡി, കണ്ണൂർ

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII -ന്റെ പരിധിയിൽ വരുന്ന മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, പൊതുമേഖലാ വ്യവസായങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## മൈനിംഗ് & ജിയോളജി വകുപ്പ്

2853-02-003-99 - ഉദ്യോഗസ്ഥന്മാരുടെ പരിശീലനം

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ജില്ലാ  ഓഫീസുകളിലും മറ്റു കേന്ദ്രങ്ങളിലും ജനങ്ങൾ നൽകുന്ന അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായും ക്ലറിക്കൽ വിഭാഗത്തിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാത്തതാണ് ഇതിനു കാരണമെന്നും കണ്ടെത്തിയ സമിതി ആയത് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നു ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മൈനിംഗ് & ജിയോളജി വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ്, ക്ലറിക്കൽ/അക്കൗണ്ടന്റ് വിഭാഗം ജീവനക്കാർക്കും നിലവിലുള്ള ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2853-02-001-97 - ഇ - ഗവേണൻസ് പദ്ധതി നടപ്പാക്കൽ

സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ഇ -ഗവേണൻസ് സംരംഭമാണ് KOMPAS. സംസ്ഥാനത്തെ ഖനികളും ധാതുക്കളും സംബന്ധിച്ച് പൗര കേന്ദ്രീകൃതവും ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ ഇലക്ട്രോണിക് സേവന വിതരണം KOMPAS ഉറപ്പാക്കുകയും ചെയ്യുന്നു. വകുപ്പിൽ നിലവിലുള്ള KOMPAS പോർട്ടൽ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആയി മാറ്റുന്നതിലേയ്ക്ക് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ടി ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2853-02-001-96 - ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

പൊതുജനങ്ങൾക്ക് മൈനിംഗ്&ജിയോളജി വകുപ്പിന്റെ മികച്ച സേവനം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 22.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2853-02-001-98 - ജില്ലാ ഘടകങ്ങളുടെ രൂപീകരണം

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ_ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**പൊതുമേഖലാ വ്യവസായങ്ങൾ**

2852-08-600-82 – കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

4860-60-190-94 - കെ.എസ്.സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ &അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും 2022, 2023 വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനാവശ്യമായ 8 കോടി രൂപയും ഉൾപ്പെടെ ആകെ 70.05 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 70.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6860-60-190-78 - <u>കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ</u>

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിതിനും പ്രതിവർഷം തൊഴിലാളികൾക്ക് 50 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 34.19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-600-81 - <u>ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)</u>

4851-00-195-99 - <u>കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ</u>

കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2021, 2022, 2023 വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനും ആംനെസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുമായി 24.5 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 24.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-600-90 - <u>ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും</u>

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനും ഓരോ താലൂക്കിലും എച്ച്. പി. ഒ രൂപീകരിക്കുവാൻ 2024-25 വർഷത്തെ പദ്ധതി വിഭാവനം ചെയ്ത പ്രകാരം പദ്ധതി ഘടകം പ്രാഥമികമായി 30 താലൂക്കുകളിൽ ആരംഭിക്കുന്നതിനും കശുമാവ് കർഷക കൂട്ടായ്മ രൂപീകരിക്കുന്നതിലേയ്ക്കുമായി 30 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-110-62 - <u>കേരളാ ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘം</u>

ബീഡി വ്യവസായം അനുദിനം തകർച്ച നേരിടുന്ന സാഹചര്യത്തിൽ ബീഡി മേഖലയിൽ നിലനിൽക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വൈവിധ്യവൽക്കരണ യൂണിറ്റുകൾ വിപുലപ്പെടുത്തികൊണ്ട് ദിനേശ് തേങ്ങാപാൽ

ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ യൂണിറ്റ് ആരംഭിക്കുന്ന ആവശ്യത്തിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി സർക്കാർ ഓഹരി മൂലധനമായോ സബ്സിഡിയായോ, പലിശരഹിത വായ്പയായോ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-104-70 - പരമ്പരാഗത സ്വർണ്ണ പണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം

സംസ്ഥാനത്തെ പരമ്പരാഗത സ്വർണ്ണ പണിക്കാർക്ക് ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുവാൻ കാഡ്കോ , ജെം ആന്റ് ജ്വവലറി സ്കിൽ കൗൺസിൽ ഓഫ് ഇൻഡ്യ എൻ.എസ്.ഡി.സി.യുമായി ചേർന്ന് നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ നടത്തുന്നതിനായി പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 32 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4860-60-190-90 - കേരള റബ്ബർ ലിമിറ്റഡ്

കേരള റബ്ബർ ലിമിറ്റഡിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർ പ്ലാൻ ഘട്ടം ഒന്നിന്റെ ഭാഗമായി 2024-25 വർഷം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6854-01-190-98 - കോട്ടയം ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ

2024-25 വർഷത്തിൽ നടത്താനിരിക്കുന്ന ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിലെ വാൾപ്പുട്ടി യൂണിറ്റിന്റെ നവീകരണവും വെള്ള സിമെന്റ് യൂണിറ്റിന്റെ ഇൻസ്ട്രുമെന്റേഷനുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 98 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6853-60-190-97 - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

മലിന ജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അഞ്ചു വർഷ മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാന്റുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 17.24 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-89 - ഇലക്ട്രോണിക്സ് ഹാർഡ് വെയർ ടെക്നോളജി ഹബ് (കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)

'പിസിബി മാനുഫാക്ചറിങ് ഫെസിലിറ്റി' പദ്ധതിയുടെ ഭാഗമായി ബ്രൗൺ ഫീൽഡ് പ്രൊജക്റ്റ് ഒന്നാം ഘട്ടം എന്ന നിലയിൽ പാലക്കാടുള്ള ഐ ടി ഐ-യുമായി സഹകരിച്ച് PCB മാനുഫാക്ചറിങ് തുടങ്ങാനുള്ള പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-01-190-95 - കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ BOPP Film Metalization Plant സ്ഥാപിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-60-190-99 - കേരള സ്റ്റീൽ ഇൻഡസ്ട്രീസിനുള്ള വായ്പകൾ

കേരള സ്റ്റീൽ ഇൻഡസ്ട്രിയൽ ലിമിറ്റഡിന്റെ ഒറ്റപ്പാലത്തെ ഫൗണ്ടറി യൂണിറ്റിൽ മെഷിനറികൾ സ്ഥാപിക്കൽ, ജി. ഇ ഡബ്ല്യുവിൽ മെഷീൻ സ്ഥാപിക്കൽ, ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ 360 കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-60-190-89 - ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടാതെ രണ്ടു മെഗാ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6858-02-190-94 - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ 3 ടൺ ഓപ്പൺ ഹാമ്മർ, എൽ. പി. ജി കൺവെർഷൻ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 96 ലക്ഷം രൂപ

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-03-190-99 - കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ- ടിപ്പർ, CNG ഓട്ടോ തുടങ്ങിയവ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിർമ്മിക്കുന്നതിന് 10 കോടി രൂപയും ISRO-ൽ നിന്നും വരുമാനം ഇരട്ടിപ്പിക്കുന്നതിലേക്ക് CNC മെഷീനുകൾ, ആധുനിക യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിനും അതിനാവശ്യമായ അസംബ്ലി ലൈൻ സ്ഥാപിക്കുന്നതിനും പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. കൂടാതെ ഫാക്ടറിയുടെ തനതുൽപന്നങ്ങളായ ഇ-റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ- ടിപ്പർ, എന്നിവയ്ക്ക് തുടക്കത്തിൽ മാർക്കറ്റിൽ ഉണ്ടായിരുന്ന ആധിപത്യം കുറയുന്നതായി മനസ്സിലാക്കിയ സമിതി സർവ്വീസ് സെന്ററുകളുടെ അഭാവമാണ് ഇതിനു കാരണമെന്നും ആയതിനാൽ മതിയായ സർവ്വീസ് സെന്ററുകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-60-190-94 - കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പെയിന്റ് ഗ്രേഡ് പൗഡർ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനും കൂടാതെ പ്രവർത്തന മൂലധനത്തിലുള്ള ശോഷണം മറികടക്കാനുള്ള മാർജിൻ മണിയായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി. പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-01-190-96 - കേരള ഇലക്ട്രിക്ക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

കെ ഇ എൽ കുണ്ടറ യൂണിറ്റിന്റെ നവീകരണവും വിപുലീകരണവും പ്രസ്തുത യൂണിറ്റിൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ഇലക്ട്രിക്ക് മോട്ടോറുകളുടെ നിർമ്മാണം , ലോക്കോ മോട്ടീവുകൾക്കുള്ള ട്രാക്ഷൻ മോട്ടോർ ട്രാക്ഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ , Power Transformer Type Test നടത്തുന്നതിനുള്ള സജ്ജീകരണം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-01-190-98 - ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ തലശ്ശേരി ഹൗസ് വയറിംഗ് കേബിൾ യൂണിറ്റിൽ ഉയർന്ന ഉൽപ്പാദനശേഷി കൈവരിക്കുന്നതിന് ബാലൻസിങ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-95 - കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

കോർപ്പറേഷന കീഴിലുള്ള മലബാർ , കോട്ടയം സ്പിന്നിങ്ങ് മില്ലുകൾ, എടരിക്കോട് ടെക്സ്റ്റൈൽസ് മുതലായവയുടെ ആധുനികവത്കരണ പ്രക്രിയയ്ക്കും സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-97 - സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ

മില്ലിന്റെ നിലവിലുള്ള നവീകരണത്തിന്റെ പൂർത്തീകരണം , ആധുനികവത്കരണം പുതിയ റിംഗ് ഫ്രെയിമിന്റെ ഇൻസ്റ്റലേഷൻ, പഴയ മെഷീനറികളുടെ അറ്റകുറ്റപണികൾ ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-99 - തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

തിരുവനന്തപുരം സ്പിന്നിംഗ് മിൽ പ്ലാന്റിന്റെയും മെഷിനറികളുടെയും നവീകരണത്തിനായും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും 2019-2020-ലെ പദ്ധതിയുടെ അവസാന ഘട്ട പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-190-98 - കരകൗശല വികസന കോർപ്പറേഷനുള്ള വായ്പകൾ

കരകൗശല വികസന കോർപ്പറേഷനിൽ പുതിയ ഉൽപ്പന്ന വികസന ഓട്ടോമേഷൻ സി എഫ് സി ശക്തിപ്പെടുത്തൽ, ഡിജിറ്റൽ മാർക്കറ്റിങ്, ബ്രാൻഡിംഗ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-190-86 - കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

കേരള ബാംബൂ കോർപ്പറേഷന കീഴിലുള്ള നല്ലളം ഫാക്ടറിയിൽ ടൈലിന്റെ ഉത്പാദനത്തിന് കേരളത്തിൽ നിന്നും ലഭിക്കുന്ന കല്ലൻ മുള ഉപയോഗിക്കാവുന്ന രീതിയിൽ ഇപ്പോഴുള്ള മെഷീനറികൾ ആധുനികവത്കരിക്കുന്നതിനായി 75 ലക്ഷം രൂപയും തൊഴിലാളികൾക്ക് ശമ്പളവും അനുബന്ധ കുടിശ്ശികയും നൽകുന്നതിനും സ്റ്റാറ്റ്യൂട്ടറി ബാധ്യതകളും മറ്റും അടയ്ക്കുന്നതിലേയ്ക്കായി 10.50 കോടി രൂപയും അധികമായി ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 11.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-190-88 - കേരള സംസ്ഥാന പന ഉൽപ്പന്ന തൊഴിലാളി ക്ഷേമ കോർപ്പറേഷന് വായ്പ (കെൽപാം)

കെൽപാം പ്ലാന്റിന്റെ സോഫ്റ്റ് ഡ്രിങ്ക് ഉല്പാദന കപ്പാസിറ്റി ഉയർത്തുന്നതിന്റെ ഭാഗമായും വൈവിധ്യമേറിയ നൊങ്ക് ഇതര ഉത്പന്നങ്ങളുടെ ഉത്പാദനം കണക്കിലെടുത്തു പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ഫുഡ് ആൻഡ് സേഫ്റ്റി റിപ്പോർട്ട് പ്രകാരം ഫുഡ് ബേസ്ഡ് ഉത്പാദനം നടക്കുന്ന യൂണിറ്റിൽ പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ അനുസരിച്ച് വൃത്തിയും വെടിപ്പും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-190-90 - കേരള സംസ്ഥാന ചെറുകിട വ്യാവസായിക വികസന കോർപ്പറേഷനുള്ള വായ്പ (സിഡ്കോ)

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മേജർ , മിനി വ്യവസായ എസ്റ്റേറ്റുകളുടെയും വ്യവസായ പാർക്കിന്റെയും അടിസ്ഥാന സൗകര്യങ്ങൾ ആയ ഇന്റേണൽ റോഡുകൾ നവീകരിക്കുന്നതിനും ചുറ്റമതിൽ ഇല്ലാത്ത എസ്റ്റേറ്റുകളിൽ ആയത് നിർമ്മിക്കുന്നതിനും പൊട്ടിപ്പൊളിഞ്ഞു ശോച്യാവസ്ഥയിലുള്ള ചുറ്റമതിലുകൾ നവീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-05-190-99 - കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡിനുള്ള വായ്പകൾ

കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡ് രണ്ടു ഘട്ടമായി പൂർത്തീകരിച്ച പേപ്പർ മെഷീൻ പ്ലാന്റ്, മെക്കാനിക്കൽ പൾപ്പിങ് പ്ലാന്റ്, കെമിക്കൽ റിക്കവറി ബോയിലർ, കെമിക്കൽ പൾ പ്പിങ് പ്ലാന്റ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനവും തുടർന്ന് വാണിജ്യ അടിസ്ഥാനത്തിലുള്ള ഉല്പാദനവും കെ .പി. പി. എൽ ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർ ഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-60-800-96 - പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കി വരുന്നതായും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ ധനസഹായത്തിനു പുറമേ ബാങ്കുകൾ ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഫണ്ട്

ലഭ്യമാകുന്നതുവരെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് സ്ഥാപനങ്ങളുടെ നിലനിൽപ്പിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും അനിവാര്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**

**വ്യവസായവും ധാതുക്കളും**

**2024 മാർച്ച് 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 മാർച്ച് 6-ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ മന്ദിരത്തിലെ 604-ാം നമ്പർ സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാൻ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് വീഡിയോ കോൺഫറൻസിംഗിലൂടെ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1.ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ

2.ശ്രീ. കോവൂർ കുഞ്ഞുമോൻ ,എം. എൽ. എ

3. ശ്രീ. വി. ശശി ,എം. എൽ. എ

4. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ , എം. എൽ. എ

5. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി , എം. എൽ. എ

6. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ (വീഡിയോ കോൺഫറൻസ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ജയശ്രീ. എം, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. മോഹനൻ. ഒ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി ആനി ജൂല തോമസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, വ്യവസായ വകുപ്പ്
3. ഡോ. കെ. എ. രതീഷ്, സെക്രട്ടറി,കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
4. ശ്രീ. അനിൽ കുമാർ. കെ. എസ്., ഡയറക്ടർ, ഹാന്റ് ലൂം ആൻഡ് ടെക്സ്റ്റൈൽസ്
5. ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

6. ശ്രീമതി സിസ്ഥ. പി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. രാജീവ്. ജി.,അഡീഷണൽ ഡയറക്ടർ, വ്യവസായ വകുപ്പ്
8. ശ്രീ. ഗംഗാധരൻ. റ്റി. ഒ., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കയർ ഡെവലപ്പ്മെന്റ്

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII -ന്റെ പരിധിയിൽ വരുന്ന വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്, കയർ വികസന വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

## വ്യവസായ വാണിജ്യ വകുപ്പ്

**2851-00-102-84(01) - സംരംഭക സഹായ പദ്ധതി / സംസ്ഥാന നിക്ഷേപ സബ്സിഡി**

വകുപ്പിന്റെ സുപ്രധാന ഫ്ലാഗ്ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി പ്രകാരം എം. എസ്. എം. ഇ വിഭാഗത്തിൽ അപേക്ഷകരുടെ എണ്ണം ഉയർന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തിക വർഷത്തെ അപേക്ഷകർക്ക് പൂർണ്ണമായി തുക അനുവദിക്കാൻ കഴിയാത്തതിനാലും ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 16.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

**2407-60-001-99 - പ്ലാന്റേഷൻ ഡയറക്ടറേറ്റ്**

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

**2852-08-600-79 - നഷ്ടപെട്ട ഉപജീവനം പുനഃസൃഷ്ടിക്കുന്നതിന് ചെറിയ, ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം**

പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായുള്ള വായ്പകൾക്ക് ഇന്ററസ്റ്റ് സബ്ബ് വെൻഷൻ, മൂലധന ഗ്രാന്റ് എന്നീ രീതികളിൽ സഹായം നൽകികൊണ്ട് ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-104-69 - ക്രാഫ്റ്റ് കോംപ്ലക്സ് - സുരഭി

കരകൗശല വിദഗ്ധർക്ക് അവരുടെ വിശിഷ്ടമായ ഉല്പന്നങ്ങളും കലാപരമായ കഴിവുകളും വിനോദസഞ്ചാരികൾക്ക മുന്നിൽ തുറന്നു കാട്ടുന്നതിനായി കോവളത്ത് സുരഭിയുടെ കെട്ടിടത്തിൽ ക്രാഫ്റ്റ് സെന്ററും തീം പവലിയനും ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

**കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്**

2851-00-105-95-10 – കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായമായും കൂടാതെ നിധിയിൽ നിന്നും അവശത/കുടുംബപെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി 13.1115925 കോടി രൂപ കുടിശ്ശികയുള്ളതായി മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 13.1115925 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്**

2851-00-105-66-(02) – ഖാദി ഗ്രാമ വ്യവസായ വികസനം- വാർത്താവിതരണവും പരിശീലനവും

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ അനിവാര്യമാണ്. ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 54 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-66(03) - ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 29 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-87 - ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കംപ്യൂട്ടർ വത്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള വില്പനശാലകളുടെയും ഖാദി ഗ്രാമസൗഭാഗ്യയുടെയും സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽക്കരണവും, പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മൊബൈൽ സെയിൽസ് വാൻ വാങ്ങൽ, പ്രധാന ഗ്രാമസൗഭാഗ്യകളുടെ നവീകരണം, നിലവിലുള്ള ഗോഡൗണുകളുടെ നവീകരണവും ആധുനികവൽക്കരണവും പുതിയ പ്രൊജക്റ്റ് ഗോഡൗൺ സ്ഥാപിക്കൽ, പുതിയ ഖാദി ഗ്രാമ സൗഭാഗ്യ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.32 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-86 - <u>മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റു ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം . പുതിയ തൊഴിലാളികൾക്കുള്ള ട്രെയിനിംഗ് ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും നവീകരണം, അവർക്കുള്ള വർക്കിംഗ് ക്യാപിറ്റൽ , കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാങ്കേതികവിദ്യ നവീകരിക്കൽ , പ്രീ ലൂം പ്രോസസ്സിംഗ്, സ്പിന്നിംഗ്, വീവിംഗ്, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ സൗഹാർദ്ദ തൊഴിലിടങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.37 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-85 - <u>പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി</u>

പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം നൽകുക മുതലായ ഉദ്ദേശങ്ങളോടെ ആരംഭിച്ച പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.80 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-73 - <u>ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന / ഉത്സവകാല ഇൻസെന്റീവ്</u>

ഖാദി നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-72 - <u>വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും</u>

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം പത്തനംതിട്ടയിൽ നിലവിലുള്ള ഓയിൽ യൂണിറ്റ് നവീകരണം, സോപ്പ് യൂണിറ്റിന് മേൽക്കൂര സ്ഥാപിക്കൽ, സോപ്പ് യൂണിറ്റിൽ അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിന്

പുതിയ സംഭരണ ടാങ്കുകൾ സ്ഥാപിക്കൽ, ആലപ്പുഴ ആർ. എം. ജി യൂണിറ്റിന്റെ ശാക്തീകരണം, കോഴിക്കോട് ബാലുശ്ശേരിയിലെ ഓയിൽ യൂണിറ്റ് നവീകരണം , കണ്ണൂർ പാപ്പിനിശ്ശേരി എച്ച്. എം. പി യൂണിറ്റ് നവീകരണം എന്നിവയിലൂടെ ഉത്പാദനവും പുതിയ തൊഴിലവസരവും സൃഷ്ടിക്കുക എന്നതാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നതെന്നും ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-71 – വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.42 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-105-64 – ഖാദി സിൽക്ക് വീവിംഗ് പ്രൊജക്റ്റ്

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം കൂടാതെ പട്ടുൽപ്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-105-99-31 – കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 146.34 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2851-00-105-96-33 - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് സബ്സിഡികൾ

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4851-00-195-95 - കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ (ഹാന്റക്സ്)

ഹാന്റെക്സിന്റെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ സൗകര്യങ്ങൾക്ക് കൂടുതൽ യോഗ്യരാക്കുന്നതിനുമായി ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്**

4851-00-190-99 - കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ (ഹാൻവീവ് )

ഹാൻവീവിൽ ഇ-ഗവേണൻസ്, നവീകരണം, കംപ്യൂട്ടർവൽക്കരണം, ഡിസൈൻ വികസനം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ഷോറൂമുകളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-103-25 - യുവ വീവ് പദ്ധതി

കൈത്തറി മേഖലയിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ 'സ്വയം തൊഴിൽ സൃഷ്ടിക്കൽ' പദ്ധതിയിലൂടെ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഏകോപനത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-103-38 – നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ / നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ വസ്ത്രങ്ങളുടെ ഓരോ അധിക

മീറ്ററിനും ഇരട്ടി വേതനവും പരമാവധി 1000 രൂപ ധനസഹായവും നൽകുന്നുണ്ടെന്നും ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-103-43 - അംശദാന മിതവ്യയ ഫണ്ട്

നെയ്ത്തുതൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും , വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾക്കായി സഹായം നൽകുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-103-74 - പരിശീലനവും വികസനവും

വിപണി ഗവേഷണത്തിന്റെ ഭാഗമായി നാലു കേന്ദ്രങ്ങളിൽ ഡിസൈൻ ലാബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

**കയർ വികസന വകുപ്പ്**

2851-00-106-92(02) - വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി ) - സംസ്ഥാന വിഹിതം

കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം , പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2851-00-106-26 - കയർ ഉത്പ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം നൽകുന്നതിനും പുനരുജ്ജീവന നടത്തിപ്പിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

യോഗം ഉച്ചയ്ക്കുശേഷം 3.05-ന് പിരിഞ്ഞു .

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**

**വ്യവസായവും ധാതുക്കളും**

**2024 മാർച്ച് 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 മാർച്ച് 11-ാം തീയതി തിങ്കളാഴ്ച്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാൻ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് വീഡിയോ കോൺഫറൻസിംഗിലൂടെ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. വി. ശശി ,എം. എൽ. എ
2. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ (വീഡിയോ കോൺഫറൻസ് മുഖേന)
3. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ. എം, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ. ഒ, അണ്ടർ സെക്രട്ടറി

സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു.